# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആര്യനാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി.6/206/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 28/03/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആര്യനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആര്യനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആര്യനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി.6/206/2023 തീയ്യതി: 28/03/2023

# തിരുവനന്തപുരം ജില്ലയിലെ ആര്യനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ആര്യനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 41 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 21-12-2022 | 28-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 21-12-2022 | 28-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.പ്രതാപ് കുമാർ.ആർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി സിന്ധുലാബീവി.എം, ഓഡിറ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ.ജോസ്.ഡബ്ല്യൂ.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.പ്രേംനാഥ്.ജി.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.രാജു.എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ വിജു മോഹൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി മേബിൾ ഷീല | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി രാമസുധ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 24-11-2021 |
| ശ്രീമതി ലോല | അസിസ്റ്റന്റ് എഞ്ചിനീയർ | 25-11-2021 | 31-03-2022 |
| ശ്രീ ദിലീപ് കുമാർ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി ലിമ പി.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ഡോ.രാധിക | മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 01-04-2021 | 31-03-2022 |
| ഡോ.ജയ എം ഡേവിഡ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ശ്രീ പ്രദീപ് എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി ധന്യ | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി.സോഫിയ എൽ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി ലേഖ വി.എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 01-12-2021 |
| ശ്രീമതി. സന്ധ്യ റ്റി സി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 02-12-2021 | 31-03-2022 |
| ശ്രീമതി ശ്രീലത | ഹെഡ് മിസ്ട്രസ് | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | ബജറ്റ് തയ്യാറാക്കലിലെ അപാകങ്ങൾ | 1-1-1 |
| 3 | ബജറ്റും ഓഡിറ്റും | 1-1-2 |
| 4 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 5 | വാർഷിക ധനകാര്യ പത്രിക - പരിശോധനാ വിശദാംശങ്ങൾ | 1-2-1 |
| 6 | ഗ്രാന്റ് വിനിയോഗം | 1-3 |
| 7 | പദ്ധതി അവലോകനം | 1-4 |
| 8 | ക്ഷേമ പദ്ധതികൾ | 1-5 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-6 |
| 10 | 2021-22വർഷത്തിലെ തൊഴിലുറപ്പ് പദ്ധതി-അവലോകനം. | 1-7 |
| 11 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 13 | ആര്യനാട് പബ്ലിക് മാർക്കറ്റിൽ ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം - മൂന്നുമാസം കൊണ്ട് പൂർത്തിയാക്കേണ്ട പദ്ധതി രണ്ട് വർഷം കഴിഞ്ഞിട്ടും പൂർത്തീകരിച്ചിട്ടില്ല | 1-10 |
| 14 | ടേക്ക് എ ബ്രേക്ക്- വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. | 1-11 |
| 15 | റോഡ് കണക്ടിവിറ്റി മാപ്പ്-18000/- രൂപ തടസ്സപ്പെടുത്തുന്നു. | 1-12 |
| 16 | പാഥേയം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 1-13 |
| 17 | പാലിയേറ്റീവ് ചെലവുകൾ- തുക നിരാകരിക്കുന്നു 15300/-രൂപ | 1-14 |
| 18 | ആദായ നികുതി തനത് ഫണ്ടിൽ നിന്നും അടച്ചത്-സെക്രട്ടറിയുടെ ബാധ്യത-48,853/- രൂപ നിരാകരിക്കുന്നു. | 1-15 |
| 19 | പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർടാങ്ക്- അപാകതകൾ | 1-16 |
| 20 | വെള്ളക്കരം - സംയുക്ത പരിശോധന നടത്തേണ്ടതാണ്. | 1-17 |
| 21 | പഞ്ചായത്ത് തല ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല -തുടർ പ്രവർത്തനം അറിയിക്കേണ്ടതാണ്. | 1-18 |
| 22 | പെർമിറ്റ് ഇല്ലാത്ത കെട്ടിടങ്ങൾക്ക് ക്രമവത്ക്കരണം നടത്താതെ നമ്പർ നൽകി.നികുതി ചോർച്ച സംഭവിച്ചു. | 1-19 |
| 23 | ഒറ്റതവണ നികുതി അടവാക്കാത്ത കെട്ടിടങ്ങൾക്ക് നമ്പർ നൽകുന്നു. | 1-20 |
| 24 | കെട്ടിടത്തിന്റെ ആകെ വിസ്തീർണത്തിന് നികുതി ചുമത്തിയിട്ടില്ല.നികുതിചോർച്ച സംഭവിക്കുന്നു. | 1-21 |
| 25 | റേഷൻകടകളിൽ നിന്നും തൊഴിൽ നികുതിയും ലൈസൻസ് ഫീസും | 1-22 |

| | | |
|---|---|---|
| | ഈടാക്കിയിട്ടില്ല. | |
| 26 | ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ -അപാകതകൾ | 1-23 |
| 27 | വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും വിവരങ്ങൾ "VEELS"- എന്നസൈറ്റിൽ രേഖപ്പെടുത്തിയിട്ടില്ല. | 1-24 |
| 28 | ഹരിതഭവനം പദ്ധതി - രേഖകളുടെ അഭാവത്തിൽ 18000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു | 1-25 |
| 29 | തനിമ,ഫലവൃക്ഷ തൈ നട്ട് പരിപാലനം പദ്ധതി - 191029/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു | 1-26 |
| 30 | സമഗ്ര കന്നുക്കുട്ടി പരിപാലന പദ്ധതി -വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല | 1-27 |
| 31 | ക്ഷീരകർഷകർക്ക് റബ്ബർമാറ്റ്-പദ്ധതി നടത്തിപ്പിൽ അപാകതകൾ രൂ.93750/-തടസ്സപ്പെടുത്തുന്നു | 1-28 |
| 32 | പ്രീ പ്രൈമറി സ്കൂളുകൾക്ക് ഫർണിച്ചർ, വിതരണവിവരങ്ങൾ ഹാജരാക്കിയിട്ടില്ല-രൂ.500000/- തടസ്സപ്പെടുത്തുന്നു | 1-29 |
| 33 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സാമൂഹ്യപഠന കേന്ദ്രം -രേഖകൾ ഹാജരാക്കിയിട്ടില്ല - രൂ.238782/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു | 1-30 |
| 34 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ - വിതരണ രജിസ്റ്റർ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല | 1-31 |
| 35 | വാടകനിർണ്ണയം, സുരക്ഷാ പരിശോധന എന്നിവയില്ലാതെ വാടക കെട്ടിടങ്ങളിൽ അംഗൻവാടികൾകൾ പ്രവർത്തിക്കുന്നു | 1-32 |
| 36 | സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ-തുക തടസ്സം ചെയ്യുന്നു- 5058976/- | 1-33 |
| 37 | 2018-19 ൽ ആരംഭിച്ച SPMRM പ്രോജക്ടുകൾ (Rurban Mission) 2022-23 വർഷത്തിലും പൂർത്തീകരിക്കാതെ നിഷ്ക്രിയ ആസ്തികളായി തുടരുന്നു റർബൻ മിഷൻ ഫണ്ട് വരവ് ചെലവ് കണക്കുകൾ വാർഷികധനകാര്യപത്രികയിൽ ഉൾപ്പെടുത്തി ഓഡിറ്റിന് വിധേയമാക്കിയിട്ടില്ല | 1-34 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | പാലിയേറ്റീവ് കെയർ-15300/- രൂപ നിരാകരിക്കുന്നു. | 3-1 |
| 2 | തനത് ഫണ്ടിൽ നിന്നും ആദായ നികുതി അടച്ചത്-48,853/രൂപ നിരാകരിക്കുന്നു. | 3-2 |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ടിന്റെ വിശദാംശം | 4-1 |

| | | |
|---|---|---|
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് 15.02.21 ലെ 1/1 -ാം നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 25.03.22 ലെ 2/1 -ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 51,06,63,373/- രൂപ വരവായും 50,73,13,000/- രൂപ ചെലവിനത്തിലും ബജറ്റിൽ പ്രതീക്ഷിച്ചിരുന്നു.

## 1-1-1 ബജറ്റ് തയ്യാറാക്കലിലെ അപാകങ്ങൾ

സാമ്പത്തിക മാനേജ്മെന്റിന്റെ അടിസ്ഥാനങ്ങളിൽ പ്രധാനമാണ് ബജറ്റിംഗ്. കേരള പഞ്ചായത്ത് രാജ് ആക്ടിലെ 175-ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റാണ് ബജറ്റ്.

1. തയ്യാറാക്കപ്പെട്ട ബജറ്റിൽ നികുതിവരവുകളിൽ (ബജറ്റ് ഷെഡ്യൂൾ 1 പ്രകാരം) പരസ്യ നികുതി, പ്രദർശന നികുതി, സേവന നികുതി, വിനോദ നികുതി തുടങ്ങിയ നികുതികളിൽ നിന്നും 7.5 ലക്ഷം രൂപ വരവായി പ്രതീക്ഷിച്ചിരുന്നു. എന്നാൽ പിന്നീട് ബജറ്റിന്റെ പുതുക്കലിൽ ഈ അപാകത പരിഹരിക്കപ്പെട്ടു. എന്നിരുന്നാലും 2017 മുതൽ മേൽ പറഞ്ഞ നികുതികൾ പഞ്ചായത്തിന് ലഭ്യമല്ലാതിരുന്നിട്ടും തുക പ്രതീക്ഷിച്ചത്, ബജറ്റ് തയ്യാറാക്കലിൽ വരവിന്റെ മതിപ്പ് സവിസ്താരവും വാസ്തവികതയും ആയിരിക്കണമെന്ന നിയമത്തെ ചോദ്യം ചെയ്യുന്നതാണ്.

2. ബജറ്റിലും, പുതുക്കിയ ബജറ്റിലും സംരക്ഷണ ഗ്രാന്റ് (ബജറ്റ് ഷെഡ്യൂൾ 4 ൽ) ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം ഗ്രാന്റ് ലഭ്യമായിട്ടുണ്ട്. ലഭ്യമാകുമെന്ന ഉറപ്പുള്ള സംരക്ഷണ ഗ്രാന്റ് ബജറ്റിൽ ഉൾപ്പെടുത്താത്തതിനാൽ മറ്റു ഗ്രാന്റുകൾ ആസ്തി സംരക്ഷണത്തിനായി മാറ്റിവയ്ക്കേണ്ടി വന്നു.

3. പ്രതീക്ഷിത വരവും, ചെലവും കണക്കാക്കുന്നതിന് മുൻ വർഷങ്ങളിലെ വരവും, വരവിനങ്ങളിലെ വളർച്ചാ നിരക്കും ചെലവും, ചെലവിലെ വളർച്ചാ നിരക്കും ആധാരമാക്കിയിട്ടില്ല.

ഉദാ : ബജറ്റ് പ്രകാരം വസ്തു നികുതി പ്രതീക്ഷിച്ചത് 52,41,065/- രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം (ഇൻകം & എക്സ്പെൻഡിച്ചർ പ്രകാരം) പ്രതീക്ഷിത വരവിനെക്കാൾ 17,68,248/- രൂപയുടെ കുറവുണ്ട്.

4. കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 214 (2) പ്രകാരം ജനറൽ പർപ്പസ് ഫണ്ട് ഉൾപ്പെടെയുള്ള തനതു വരുമാനത്തിന്റെ 5 % എങ്കിലും മിച്ചം (നീക്കിയിരിപ്പ്) ബജറ്റിൽ ഉണ്ടായിരിക്കണം.

| | |
|---|---|
| ആകെ തനത് ഫണ്ട് | 29338908 |
| ആകെ റവന്യൂ ചെലവ് | 28282000 |
| വ്യത്യാസം | 1056908 |
| തനത് വരുമാനത്തിന്റെ 5 % | 1466945 |
| നീക്കിയിരിപ്പിലെ കുറവ് | 410037 |

നിയമപ്രകാരം നീക്കിവയ്ക്കേണ്ട തുകയിലെ കുറവ് പരിശോധിക്കപ്പെടേണ്ടതുണ്ട്.

നിർദ്ദേശങ്ങൾ

* ബജറ്റ് തയ്യാറാക്കുന്നതിന് മുൻപ് തന്നെ തന്നാണ്ട് ബജറ്റിലെ (തൊട്ടു മുൻവർഷം മാർച്ചിൽ അംഗീകരിച്ച ബജറ്റ്) മുഴുവൻ റിവിഷനുകളും നടത്തിയിരിക്കണം.

* ജനറൽ പർപ്പസ് ഫണ്ട് ഒഴികെയുള്ള മറ്റെല്ലാ ഗ്രാന്റുകളും, ഫണ്ടുകളും, ലോണുകളും, കോൺട്രിബ്യൂഷനുകളും പൂർണമായും ചെലവാകുന്ന രീതിയിൽ ബജറ്റ് തയ്യാറാക്കണം.

* 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 214 ഉം 02.12.2016 ലെ GO (Rt) 3291/16/LSGD എന്ന ഉത്തരവിലെ ബജറ്റ് മാന്വലും നിർദ്ദേശിക്കും വിധം ബജറ്റ് തയ്യാറാക്കേണ്ടതാണ്

## 1-1-2 ബജറ്റും ഓഡിറ്റും

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 214 (7) പ്രകാരം ബജറ്റ് പാസാക്കി കഴിഞ്ഞാലുടനെ അതിന്റെ പകർപ്പുകൾ സർക്കാരിനും ഇതിലേക്കായി സർക്കാർ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻമാർക്കും ഓഡിറ്റർമാർക്കും നൽകുവാൻ നിർദ്ദേശിക്കുന്നു. ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് അനുശാസിക്കും വിധം വാർഷിക ധനകാര്യ പത്രികയ്ക്കു മേൽ നടക്കുന്ന ഓഡിറ്റ് വേളയിൽ ബജറ്റ് പ്രസംഗം, ബജറ്റ് നോട്ട്, വൈസ് പ്രസിഡന്റ് അവതരിപ്പിച്ച ബജറ്റ് ഷെഡ്യൂളുകളുടെ കരട്, പെർഫോമൻസ് ബജറ്റ്, ജെൻഡർ ബജറ്റ് തുടങ്ങിയ രേഖകൾ അടങ്ങിയ ബജറ്റ് ഡോക്യുമെന്റും

ബജറ്റ് തയ്യാറാക്കുന്നതിന് ലഭ്യമായ പ്രൊപ്പോസൽ ഫയലും ഓഡിറ്റിന് ഹാജരാക്കേണ്ടതുണ്ട്.

എന്നാൽ ബജറ്റ് പാസാക്കിയശേഷം ബജറ്റിന്റെ പകർപ്പ് ലഭ്യമാക്കുന്നതിലും, ഓഡിറ്റ് വേളയിൽ ബജറ്റ് ഫയൽ ഹാജരാക്കുന്നതിലും ഗ്രാമപഞ്ചായത്തിന് വീഴ്ച സംഭവിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം 32 ന് മറുപടിയും ലഭ്യമാക്കിയിട്ടില്ല. ഈ അപാകങ്ങൾ പരിഹരിക്കുന്നതിന് ഭരണ സമിതി അടിയന്തിര ഇടപെടൽ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 15.07.2022 |

വാർഷിക ധനകാര്യ പത്രികയുടെ പരിശോധനാ വിശദാംശങ്ങൾ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-2-1 വാർഷിക ധനകാര്യ പത്രിക - പരിശോധനാ വിശദാംശങ്ങൾ

പഞ്ചായത്തിന്റെ സാമ്പത്തിക ഇടപാടുകളിൽ ഉൾപ്പെട്ട കണക്കുകളെ നാലായി തരം തിരിക്കാം. വരുമാനം, ചെലവ്, ആസ്തി, ബാധ്യത. വരുമാനം, ചെലവ്, ബാധ്യത, ആസ്തി എന്നിവയിലുണ്ടാകുന്ന ഏറ്റകുറച്ചിലുകൾ തൽസമയം തന്നെ അക്കൗണ്ടിൽ ഉൾപ്പെടുത്തുന്ന അക്രൂവൽ അക്കൗണ്ടിംഗ് രീതിയിലാണ് വാർഷിക ധനകാര്യ പത്രിക തയ്യാറാക്കിയിട്ടുള്ളത്. സാംഖ്യ (SAANKYA) എന്ന സോഫ്റ്റ്‌വെയർ ഉപയോഗപ്പെടുത്തി തയ്യാറാക്കിയ വാർഷിക ധനകാര്യ പത്രികയെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളും, നിരവധി സർക്കാർ ഉത്തരവുകളും അടിസ്ഥാനമാക്കി വിലയിരുത്തുമ്പോൾ കണ്ട വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. 2021-22 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിന്റെ കൈവശമുള്ള സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റിലെ (ആസ്തികൾ, ബാദ്ധ്യതകൾ, മൂലധനം, റിസർവ് തുടങ്ങിയവയുടെ നിശ്ചിത ദിവസത്തെ ബാലൻസുകളെ പ്രദർശിപ്പിക്കുന്ന ധനകാര്യ പത്രിക) ഷെഡ്യൂൾ – 14 ൽ ഉൾപ്പെടുത്തിയിട്ടില്ല.

2. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 17 (2) പ്രകാരം പഞ്ചായത്തിൽ അക്രൂവൽ (ഒരു നിശ്ചിത കാലയളവുമായി ബന്ധിപ്പിച്ച് വരുമാനങ്ങളും ചെലവുകളും ആസ്തികളും ബാദ്ധ്യതകളും അക്കൗണ്ട് ചെയ്യുന്ന രീതി) ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും, ഡിമാന്റുകളിലും അഡ്ജസ്റ്റ്മെന്റിലും വരുത്തേണ്ട മാറ്റങ്ങളെകുറിച്ചും പ്രതിമാസ സംക്ഷിപ്തം സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ജേണൽ എൻട്രി (ക്യാഷ് അല്ലെങ്കിൽ ബാങ്ക് അക്കൗണ്ടുകളെ ബാധിക്കാത്ത ഇടപാടുകൾ പ്രാഥമികമായി രേഖപ്പെടുത്തുന്ന രീതി) മുഖേന രേഖപ്പെടുത്തേണ്ടതുണ്ട്. അപ്രകാരം ഡിമാന്റ് ചെയ്തതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. വരുമാന ചോർച്ച തിരിച്ചറിയാനും ഒഴിവാക്കാനുമുള്ള നടപടിയായി കണ്ട് സെക്രട്ടറി പ്രവർത്തിക്കേണ്ടതാണ്.

3. ബാലൻസ് ഷീറ്റിലെ 9-ാം ഷെഡ്യൂളിൽ സാമ്പത്തിക വർഷാവസാനം നൽകേണ്ടതായ തുകകൾ ഉൾകൊള്ളിക്കേണ്ടതുണ്ട്. 2020-21 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിൽ സ്ഥിരം ജീവനക്കാരുടെ ശമ്പളാനുകൂല്യങ്ങളിലെ കുടിശ്ശിക മാത്രമാണ് ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മറ്റു ചെലവുകൾ ഉൾപ്പെട്ടിട്ടില്ല. ഇതിലുപരിയായുള്ള ചെലവുകൾ 2021-22 സാമ്പത്തിക വർഷത്തിൽ നടത്തിയിട്ടുണ്ട്. ഇത് ക്രമപ്രകാരമല്ല.

4. വരവിനെക്കാൾ ചെലവ് കൂടി നിൽക്കുന്ന ഡെഫിസിറ്റ് അക്കൗണ്ടാണ് സമർപ്പിച്ചിരിക്കുന്നത്.

5. ബാലൻസ് ഷീറ്റിലെ 4-ാം ഷെഡ്യൂളിൽ ഗുണഭോക്തൃ വിഹിതം തിരികെ നൽകാനുള്ളതിനായി 17,013/- രൂപ അവശേഷിക്കുന്നുണ്ട്. അസിസ്റ്റന്റ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥയായ, വ്യക്തിഗത ആനുകൂല്യം നൽകുന്ന പ്രോജക്ടുകളിൽ ജാതി സർട്ടിഫിക്കറ്റ് ലഭ്യമാക്കാത്തവർക്ക് തിരികെ നൽകാനുള്ള തുകയാണ് ഇതെന്ന് ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. 1713/- രൂപ ഇതിനകം നൽകി കഴിഞ്ഞതായും മറുപടിയിൽ പറഞ്ഞിട്ടുണ്ട്. ഗുണഭോക്തൃ വിഹിതം തിരികെ നൽകേണ്ടതായ സാഹചര്യം ഒഴിവാക്കേണ്ടതും അല്ലാത്തപക്ഷം വാർഷിക ധനകാര്യ പത്രിക പൂർത്തിയാക്കുന്നതിനു മുൻപായി തിരികെ നൽകേണ്ട സാഹചര്യം ഒരുക്കേണ്ടതുമാണ്.

6. കോവിഡ് കാലത്ത് പൊതുജനങ്ങളിൽ നിന്ന് സംഭാവന ഇനത്തിൽ സ്വീകരിച്ച തുക, 142754/- രൂപ ബാലൻസ് ഷീറ്റിലെ നാലാം ഷെഡ്യൂളിൽ അവശേഷിക്കുന്നുണ്ട്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി സമാഹരിച്ച തുക. ഇതിനായി ആരംഭിച്ച പ്രത്യേക ബാങ്ക് അക്കൗണ്ടിൽ (കാനറ ബാങ്ക് A/c No. 110003261565) നിക്ഷേപിക്കേണ്ടതാണ്. തനത് ഫണ്ടിൽ ഈ തുക സൂക്ഷിക്കുന്നത് ക്രമപരമല്ല.

7. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 കാലയളവിൽ Net Increase In Cash And Cash Equivalents ആയി രേഖപ്പെടുത്തിയിരിക്കുന്നത് 251545/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ Net Cash Generated By Operating,

Investing Financial Activities യിലുമായുള്ള ആകെ തുക 9799748/- ആണ്. അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ്സ് പ്രകാരം മേൽ പറഞ്ഞ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. പഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് പഞ്ചായത്തിന്റെ തനതുവരുമാനം കൊണ്ട് സാധ്യമാകുന്നോയെന്ന വിലയിരുത്തലാണ് ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലൂടെ നടക്കുന്നത്.

8. ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിലെ 18-ാം ഷെഡ്യൂൾ പ്രകാരം (280-prior Period Items) എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ ചേർക്കുന്ന ലഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ ഹാജരാക്കിയിട്ടില്ല.

| അക്കൗണ്ട് ഹെഡ് | തുക |
|---|---|
| 280100101 | 14896 |
| 280100102 | -5750 |
| 280100104 | 468797 |
| 280200201 | -1500 |
| 280200401 | -51451 |
| 280800601 | 52463 |

9. ബാലൻസ് ഷീറ്റ് B5 ഷെഡ്യൂളിലെ Secured Loans ബാലൻസ് തുകയും B16 ലെ ബാലൻസ് തുകയും പൊരുത്തപ്പെടുന്നില്ല.

10. വാർഷിക ധനകാര്യപത്രികയിലെ വരവുചെലവുകളെ വിലയിരുത്തുവാൻ ഡെപ്പോസിറ്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, വാടക രജിസ്റ്റർ, ആസ്തി രജിസ്റ്റർ തുടങ്ങിയവ ലഭ്യമാക്കിയിട്ടില്ല.

11. ബാലൻസ് ഷീറ്റിൽ 11-ാം ഷെഡ്യൂളിൽ Movable Assets ൽ Drinking Water-pipe Lines, Electricity Line Extension, Electricity-street Lights തുടങ്ങിയവയ്ക്ക് 2020-21 ൽ നിന്ന് ആസ്തി വർദ്ധനവ് നടത്തിയിട്ടില്ല. എന്നാൽ Line Extension, Street Light സ്ഥാപിക്കൽ തുടങ്ങിയവ 2021-22 ൽ നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾക്കായി നൽകിയ ഓഡിറ്റ് എൻക്വയറി നം.3/21.12.23 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടിയിൽ സൂചിപ്പിക്കപ്പെട്ടതുപോലെ പഞ്ചായത്ത് തലത്തിലും സോഫ്റ്റ് വെയറിലും വരുത്തേണ്ട മാറ്റങ്ങൾ വരുത്തി അടുത്ത സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക തയ്യാറാക്കേണ്ടതാണ്.

11. സെക്രട്ടറി മുഖേന നടപ്പിലാക്കിയ സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ എന്ന പദ്ധതിയ്ക്കായി കെ എസ് ഇ ബിയ്ക്ക് കൈമാറിയ തുകയായ 811158/- രൂപ Deposit Head (460500202) ൽ ഉൾപ്പെട്ടിട്ടില്ല.

## 1-3 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഗ്രാന്റ് വിനിയോഗത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 16997144 | 16997144 | 25569000 | -8571856 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 6342175 | 6342175 | 6610265 | -268090 |
| വികസനഫണ്ട് (CFC-Tied) | 0 | 16942044 | 16942044 | 5893595 | 11048449 |
| വികസനഫണ്ട് ((CFC-Untied) | 0 | 7485159 | 7485159 | 4656633 | 2828526 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 0 | 15657000 | 15657000 | 14884994 | 772006 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 0 | 9806347 | 9806347 | 6021942 | 3784405 |
| CSS | 0 | 0 | 0 | 4004314 | -4004314 |
| SSS | 0 | 0 | 0 | 1200000 | -1200000 |
| വികസനഫണ്ട് (TSP) | 0 | 779281 | 779281 | 1007000 | -227719 |

A)വിവിധ ഫണ്ട് ഇനത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് , വാർഷിക ധനകാര്യ പത്രിക, എ.സി.ആർ എന്നിവയിൽ താഴെപ്പറയും പ്രകാരം വ്യത്യാസമുണ്ട്.

| Fund/Grant | Item | Receipt | Expenditure | Balance |
|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | ACR | 16997144 | 16997144 | 0 |
| | AFS | 16997144 | 16997144 | 0 |
| | Grant Statement | 16997144 | 25569000 | -8571856 |
| വികസനഫണ്ട് (എസ്.സി.പി) | ACR | 6342175 | 6161093 | 18082 |
| | AFS | 6044440 | 6044440 | 0 |
| | Grant Statement | 6342175 | 6610265 | -268090 |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | ACR | 9806347 | 7438795 | 2367552 |
| | AFS | 6021942 | 6021942 | 0 |
| | Grant Statement | 9806347 | 6021942 | 3784405 |
| വികസനഫണ്ട് (TSP) | ACR | 779281 | 779281 | 0 |
| | AFS | 779281 | 779281 | 0 |
| | Grant Statement | 779281 | 1007000 | -227719 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | ACR | 15657000 | 14884994 | 772006 |
| | AFS | 14884994 | 14884994 | 0 |
| | Grant Statement | 15657000 | 14884994 | 772006 |

സുലേഖ ചെലവ് പത്രികയിൽ Source Deduction തുകകൾ ഉൾപ്പെടുന്നുണ്ടെന്നും എന്നാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പ്രസ്തുത ചെലവ് രേഖപ്പെടുത്തുന്നില്ല എന്ന് അറിയിച്ചിട്ടുണ്ട്. വിവിധ ഗ്രാന്റിനങ്ങളിൽ വൻ തുക നീക്കിയിരിപ്പ് നിലനിൽക്കുന്നത് ലഭ്യമായ ഗ്രാന്റുകളുടെ പൂർണവും ഫലപ്രദവുമായ വിനിയോഗം നടക്കുന്നില്ല എന്നതിനെ സൂചിപ്പിക്കുന്നു.

## 1-4 പദ്ധതി അവലോകനം

2021-22 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടുകൾ | | | | | |
|---|---|---|---|---|---|---|---|
| | | അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവ് | നടപ്പാക്കാത്തത് | നടപ്പിലാക്കിയ പ്രോജക്ടുകളുടെ ശതമാനം |
| 1 | കൃഷി ഓഫീസർ | 7 | 2163251 | 6 | 904034 | 1 | 86% |
| 2 | വെറ്ററിനറി സർജൻ | 10 | 8738800 | 9 | 2987020 | 1 | 90% |
| 3 | മെഡിക്കൽ ഓഫീസർ - ഹോമിയോ | 2 | 360000 | 2 | 360000 | - | 100 % |
| 4 | ഫിഷറീസ് | 2 | 1998000 | 2 | 152460 | - | 100 % |
| 5 | സെക്രട്ടറി | 39 | 31844668 | 15 | 19417743 | 14 | 38% |
| 6 | അസിസ്റ്റന്റ് എഞ്ചിനീയർ | 57 | 43917405 | 41 | 23230748 | 16 | 72% |

| | | | | | | | |
|---|---|---|---|---|---|---|---|
| 7 | അസിസ്റ്റന്റ് സെക്രട്ടറി | 12 | 4939400 | 6 | 2751396 | 6 | 50% |
| 8 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ /LVEO | 9 | 5952036 | 7 | 3891330 | 2 | 78% |
| 9 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 9 | 6590000 | 6 | 5441320 | 3 | 67 % |
| 10 | ഹെഡ്മാസ്റ്റർ | 4 | 1725000 | 4 | 1133923 | 0 | 100 % |
| 11 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 10 | 121089800 | 3 | 19003085 | 7 | 30 % |
| 12 | മെഡിക്കൽ ഓഫീസർ | 5 | 2280000 | 5 | 2055415 | 0 | 100% |
| 13 | ഡയറി ഫാം എക്സ്റ്റൻഷൻ ഓഫീസർ | 2 | 1450000 | 2 | 1425000 | 0 | 100% |
| ആകെ | | 168 | 233048360 | 99 | 82753474 | 52 | 59% |

പദ്ധതിപണം ലാപ്സാകാതെ പരമാവധി പ്രയോജനപ്രദമായി ചെലവഴിക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥരും ബന്ധപ്പെട്ട സ്റ്റാന്റിംങ് കമ്മിറ്റിയും ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-5 ക്ഷേമ പദ്ധതികൾ

2021-22 സാമ്പത്തിക വർഷത്തിൽ സ്ഥാപനം നൽകിയ ക്ഷേമ പെൻഷനുകളുടെ വിവരം (സ്റ്റേറ്റ്മെന്റ് പ്രകാരം)ചുവടെ ചേർക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| തൊഴിലി രഹിത വേതനം | 6 | 7440 |
| കർഷകതൊഴിലാളി പെൻഷൻ | 515 | 7681800 |
| വിധവാപെൻഷൻ | 1932 | 28804400 |
| വാർദ്ധക്യകാല പെൻഷൻ | 2772 | 37367800 |
| വികലാംഗ പെൻഷൻ | 463 | 6883000 |
| വിവാഹധനസഹായം | 5 | 150000 |

| | | |
|---|---|---|
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 78 | 1142200 |

1-5-1

<u>മരണപ്പെട്ടവർക്കും പെൻഷൻ വിതരണം ചെയ്യുന്നു- 300400/തുക തടസ്സപ്പെടുത്തുന്നു.</u>

2021-22വർഷത്തിൽ സാമൂഹ്യക്ഷേമപെൻഷൻ ലഭിച്ച ഏതാനും ഗുണഭോക്താക്കളുടെ പേര് വിവരങ്ങൾ പഞ്ചായത്തിലെ മരണ രജിസ്റ്ററുമായി പരിശോധിച്ചതിൽ ചുവടെ വിവരിക്കുന്ന ഗുണഭോക്താക്കളുടെ പേരിലേയ്ക്ക് അവർ മരണപ്പെട്ട് പോയശേഷവും പെൻഷൻ തുക കൈമാറി നൽകിയതായി കണ്ടെത്തി. ഇപ്രകാരം അനഹർക്ക് തുക ലഭിച്ചുവെന്ന് കണ്ടെത്തിയതിനെ തുടർന്ന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 20/2022,26/2022,35/2022,എന്നിവയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സാമൂഹ്യക്ഷേമപെൻഷൻ കൈപ്പറ്റികൊണ്ടിരിക്കവെ മരണപ്പെട്ട് പോവുകയും,മരണം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത ശേഷവും പെൻഷൻ കൈമാറിയ നൽകിയ ഏതാനും ഗുണഭോക്താക്കളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| പെൻഷൻ കൈപ്പറ്റിയ വ്യക്തി | ആധാർ/ പെൻഷൻ നമ്പർ | മരണ തിയതി | തുക അവസാനം നൽകിയ മാസം | 2022 നവംബർ മാസം വരെ നൽകിയ തുക | പെൻഷൻ ഇനം |
|---|---|---|---|---|---|
| ഷെരീഫാ ബീവി | 982470844960 | 23-2-2022 | നവംബർ 2022 വരെ(ആക്ടീവ്) | 1600 X9=14400 | ഇന്ദിരാഗാന്ധി വാർദ്ധ്യകാല പെൻഷൻ |
| അമ്മുകുട്ടി | 776163804096 | 22-10-22 | നവംബർ 2022 വരെ (ആക്ടീവ്) | 1600/- | ,, |
| റോസമ്മ | 706874367493 | 29-8-2022 | ഒക്ടോബർ(ആക്ടീവ്) | 1600/- | ,, |
| സരസ്വതി .K | 329775187325 | 25-5-2022 | നവംബർ 2022 വരെ (ആക്ടീവ്) | 6x 1600=9600 | ,, |
| സുധാകരൻ.v | 956433715786 | 6-12-2021 | ഏപ്രിൽ 2022 വരെ (നിർത്തലാക്കി) | 4x1600=6400/- | ഇന്ദിരാഗാന്ധി വാർദ്ധ്യകാല പെൻഷൻ |
| ശ്യാമള | 547050581759 | 4-1-2022 | നവംബർ 2022 വരെ (ആക്ടീവ്) | 10x1600=16000 | ,, |
| ശശിധരൻ നായർ | 871526208277 | 1-12-2021 | നവംബർ 2022 വരെ (ആക്ടീവ്) | 11x1600=17600 | ,, |
| ടെറ്റസ് | 102550201284 | 19-12-2021 | നവംബർ 2022 വരെ (ആക്ടീവ്) | 11x1600= 17600 | ,, |
| സോമവല്ലി | 380270714513 | 8-9-2021 | നവംബർ 2022 വരെ (ആക്ടീവ്) | 14x1600 =22400 | ,, |
| ഭുവനേന്ദ്രൻ | 601988647950 102550200688 (പെൻഷൻ ഐ.ഡി) | 29-7-2020 | നംവബർ2022 വരെ(ആക്ടീവ്) | 8/2020-ൽ 1300/- 9/2020മുതൽ 3/2021 7x1400=9800/- 4/2021 മുതൽ 11/2022വരെ | ഇന്ദിരാഗാന്ധി വാർദ്ധ്യകാല പെൻഷൻ |

| | | | | | |
|---|---|---|---|---|---|
| | | | | 19x1600=30400/-<br>ആകെ=41500/- | |
| ഫാത്തിമുത്ത് | 397439023000<br>102550100969 | 7-10-2020 | നംവബർ2022 വരെ(ആക്ടീവ്) | 11/2020മുതൽ3 /2021വരെ<br>5x1400=7000/-<br>4/2021മുതൽ11 /2022വരെ<br>20x1600=32000/-<br>ആകെ=39000/- | കർഷക<br>തൊഴിലാളി പെൻഷൻ |
| ലീലാമ്മ | 339698743086 | 14-1-2020 | നംവബർ2022 വരെ(ആക്ടീവ്) | 2/2020മുതൽ3 /2020വരെ<br>2x1200=2400/-<br>4/2020മുതൽ8 /2020വരെ<br>5x1300=6500/-<br>9/2020മുതൽ3/2021<br>7x1400=9800/-<br>4/2021 മുതൽ 11/2022 വരെ<br>20x1600=32000/-<br>ആകെ=50700/- | ഇന്ദിരാഗാന്ധി വാർദ്ധ്യകാല പെൻഷൻ |
| ഗിരിജ.s | 705508483008 | 25-4-2020 | നംവബർ2022 വരെ(ആക്ടീവ്) | 5/2020മുതൽ8 /2020വരെ<br>4x1300=5200/-<br>9/2020മുതൽ3 /2021വരെ<br>7x1400=9800/-<br>4/2021 മുതൽ 11/2022വരെ<br>20x16=47000/-<br>ആകെ=62000/- | ” |
| ആകെ | | | | 300400/- | |

2021-22 വർഷത്തിൽ സാമൂഹ്യക്ഷേമപെൻഷൻ ലഭിച്ച ഗുണഭോക്താക്കളുടെ വിവരം സേവന സോഫ്റ്റവയറിൽ പരിശോധന നടത്തിയതിൽ മേൽ വിവരിച്ച പല ഗുണഭോക്താക്കളും വർഷംതോറും ഇ മസ്റ്റർ റോൾ ചെയ്തതിന്റെയോ വരുമാന സർട്ടിഫിക്കറ്റ് സമർപ്പിച്ചതിന്റെയോ,ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ചതിന്റെയോ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ലായെന്ന് കണ്ടെത്തി.ഇപ്രകാരം നിയമാനസൃത രേഖകളുടെ അഭാവത്തിലും ഗുണഭോക്താക്കളുടെ അക്കൌണ്ടിലേയ്ക്ക് തുക നൽകാൻ പഞ്ചായത്ത് തുടർനടപടി സ്വീകരിച്ചതെന്ന് വ്യക്തമാകുന്നു.ഇതിൽ നിന്നും സാമൂഹ്യക്ഷേമപെൻഷൻ വിതരണ നടപടിയിൽ ഗ്രാമപഞ്ചായത്ത് അനാസ്ഥ പുലർത്തുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു.ധനകാര്യവകുപ്പ് 5-11-2020-ൽ പുറപ്പെടുവിച്ച സർക്കുലർ 67/2020പ്രകാരം പെൻഷൻ വിതരണത്തിൽ നഷ്ടം ഉണ്ടാകുന്നവെങ്കിൽ പ്രസ്തുത തുക പ്രദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കണമെന്നും ,ധനകാര്യവകുപ്പ് 22-1-2018- ൽ പുറപ്പെടുവിച്ച Sfc/B2/53/2017നമ്പർ ഉത്തരവ് പ്രകാരം അനർഹരെ ഒഴിവാക്കേണ്ടത് സെക്രട്ടറിയുടെയും സെക്ഷൻ ക്ലാർക്കിന്റെയും ചുമതലയായതിനാൽ മേൽ രേഖപ്പെടുത്തിയവർ മരണപ്പെട്ടുപോയിട്ടും നൽകിയ 300400/-രൂപ തിരികെ ഈടാക്കുന്നത് സംബന്ധിച്ച് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.സാമൂഹ്യക്ഷേമപെൻഷൻ വിതരണം കുറ്റമറ്റതാക്കുന്നതിന് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

1-5-2

പെൻഷൻ വിതരണം -അനർഹരെ ഒഴിവാക്കാൻ സത്വര നടപടി സ്വീകരിക്കണം.

സമൂഹത്തിന്റെ താഴെ തട്ടിൽ ജീവിക്കുന്ന വ്യക്തികൾക്ക് തങ്ങളുടെ ജീവിതം മുന്നോട്ട് നയിക്കുവാൻ സർക്കാർ നൽകുന്ന സഹായമാണ് സാമൂഹ്യസുരക്ഷാ പെൻഷൻ.സാമൂഹ്യ സുരക്ഷ പെൻഷൻ കിട്ടി കൊണ്ടിരിക്കുന്ന ഗുണഭോക്താക്കൾക്ക് വിവിധ കാരണങ്ങളാൽ അർഹത ഇല്ലാതാകുന്ന ഘട്ടത്തിൽ സേവന സോഫ്റ്റ് വെയർ വഴി സസ്പെൻഷൻ റിക്വസ്റ്റ് നൽകാവുന്നതാണ് . റിക്വസ്റ്റ് നൽകുന്ന തീയതി മുതൽ പ്രസ്തുത ഗുണഭോക്താക്കളുടെ പെൻഷൻ റദ്ദ് ചെയ്യപ്പെടുന്നതാണ്. എന്നാൽ പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യുന്ന ഗുണഭോക്താക്കളുടെ പെൻഷൻ പോലും റദ്ദ് ചെയ്യുന്നില്ല. ഫയൽ പരിശോധനയിൽ 1/2020-ൽ മരണപ്പെട്ട് പോയ വ്യക്തിയുടെ മരണം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത് കഴിഞ്ഞിട്ടും പ്രസ്തുത വ്യക്തിയെ സേവന സോഫ്റ്റ് വെയർ വഴി സസ്പെൻഷൻ റിക്വസ്റ്റ് നൽകിയിട്ടില്ലായെന്ന് വ്യക്തമാകുന്നു. ആയതിനാൽ അനർഹമായി പെൻഷൻ വിതരണം ചെയ്യപ്പെടുന്നില്ല എന്ന് ഉറപ്പ് വരുത്തി ഗ്രാമപഞ്ചായത്ത് തലത്തിൽ അത്തരം വ്യക്തികളെ കണ്ടെത്താൻ നടപടി സ്വീകരിക്കേണ്ടതും പെൻഷൻ സസ്പെന്റ് ചെയ്യപ്പെടേണ്ട ഗുണഭോക്താക്കളുടെ ഫയൽ തയ്യാറാക്കേണ്ടതും ആയത് പ്രകാരം അനർഹമായ കാലഘട്ടത്തിൽ പെൻഷൻ വിതരണം നടത്തിയത് തിരികെ ഈടാക്കേണ്ടതുമാണ്. കൂടാതെ അനർഹർ സാമൂഹ്യക്ഷേമപെൻഷൻ വാങ്ങുന്നില്ലായെന്ന് പഞ്ചായത്ത് ഉറപ്പുവരുത്തുവാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-6 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതു വഴി ആകെയുള്ള പ്രവർത്തനങ്ങളിൽ മികവ് വരുത്തുന്നതിനായി ചുവടെ പറയുന്ന വിഷയങ്ങൾ കൂടി ശ്രദ്ധിക്കേണ്ടതാണ്.

1) ഗ്രാമ പഞ്ചായത്ത് ഫ്രണ്ട് ഓഫീസിൽ ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല.

2) വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഗുണഭോക്താക്കളുടെ മരണശേഷവും വിതരണം ചെയ്യുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

3) ഗ്രാമ പഞ്ചായത്തിൽ എഴുതി സൂക്ഷിക്കുന്ന വിവിധ രജിസ്റ്ററുകളുടെയും മിനിട്സ് ബുക്കുകളുടെയും പരിപാലനത്തിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

4) ഓഡിറ്റ് റിപ്പോർട്ട് രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതും തുടർനടപടി വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തേണ്ടതുമാണ്.

5) വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളിൽ മോണിറ്ററിംഗിന്റെ അഭാവം കാണുന്നു. ഇത് മൂലം പ്രോജക്ടുകളുടെ ലക്ഷ്യം കൈവരിക്കുന്നതിന് കാലതാമസം നേരിടുകയോ, ഭംഗം ഉണ്ടാവുകയോ ചെയ്യുന്നു. മോണിട്ടറിംഗ് മെച്ചപ്പെടുത്തുന്നതിന് വിവിധ വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാൻഡിംഗ് കമ്മിറ്റികളും ശ്രദ്ധിക്കേണ്ടതാണ്.

6) ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സംവിധാനം കുറ്റമറ്റതാക്കേണ്ടതുണ്ട്. ഏറ്റവും അർഹരായവർക്ക് തന്നെയാണ് ആനുകൂല്യം ലഭ്യമാകുന്നതെന്ന് ഉറപ്പാക്കാനുതകുന്ന നടപടിക്രമം പദ്ധതി മാർഗ്ഗരേഖയുടെ ഖണ്ഡിക 11.3 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ നടപടിക്രമം കർശനമായി പാലിക്കേണ്ടതും ആയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

7) സെക്രട്ടറിയുടെ പ്രോജക്ടുകളിൽ പ്രൊക്യൂർമെന്റ് നടപടികൾ പാലിച്ചിട്ടില്ല. പ്രൊക്യൂർമെന്റ് നടപടികൾ സ്റ്റോർ പർച്ചേസ് മാനുവലിന്റെ അടിസ്ഥാനത്തിൽ കൈക്കൊള്ളാൻ പരിശ്രമിക്കേണ്ടതാണ്.

8) 2021-22 വർഷത്തിൽ ആർജ്ജിച്ച ആസ്തികൾ ആസ്തി രജിസ്റ്ററിൽ ചേർത്ത് പുതുതായി ആർജ്ജിക്കുന്ന ആസ്തികൾ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

9) ആസ്തി സംരക്ഷണ പദ്ധതി നടപ്പാക്കേണ്ടതാണ്.

10) മരാമത്തുപദ്ധതികളുടെ നിർവ്വഹണം കാര്യക്ഷമവും സമയബന്ധിതവും ആണെന്ന് ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ ടെണ്ടർ നടപടികൾ സുതാര്യമാക്കേണ്ടതുണ്ട്.

11) പദ്ധതി നിർവ്വഹണത്തിൽ മോണിട്ടറിംഗ് നടത്തി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

12) റർബൻ മിഷൻ ഫണ്ട് ഉപയോഗിച്ച് ചെയ്ത എല്ലാ പ്രോജക്ടുകളും ഓഡിറ്റിന് വിധേയമാക്കേണ്ടതാണ്.

## 1-7 2021-22വർഷത്തിലെ തൊഴിലുറപ്പ് പദ്ധതി-അവലോകനം.

എൻ.ആർ.ഇ.ജി.എസ് – നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെയും വരവ് ചെലവുകളുടെയും വിവരം ഗ്രാമപഞ്ചായത്ത് ചുവടെ

വിവരിക്കും പ്രകാരം ലഭ്യമാക്കി.

1.2021- 22-ൽ വിഭാവനം ചെയ്ത പദ്ധതികൾ -472

2.2021- 22-ൽ വിഭാവനം ചെയ്ത പദ്ധതികളിൽ പൂർത്തിയാക്കിയ പദ്ധതികൾ -472

3.2021- 22-ൽ വിതരണം ചെയ്ത തൊഴിൽ കാർഡുകൾ -198

4.2021- 22-ൽ സൃഷ്ടിച്ച തൊഴിൽ തൊഴിൽ ദിനങ്ങൾ എത്ര-218448

| സ്ത്രീ | പുരുഷൻ | ആകെ |
|---|---|---|
| 134 | 64 | 198 |

| പട്ടികജാതി | പട്ടികവർഗം | ആകെ |
|---|---|---|
| 32 | 18 | 50 |

6.2021- 22-ൽ തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം -3071

7.2021- 22-ൽ 100തൊഴിൽ ദിനം പൂർത്തികരിച്ച കുടുംബങ്ങളുടെ എണ്ണം -847

8. തൊഴിൽ ഉറപ്പ് പദ്ധതിപ്രകാരം തൊഴിൽ രഹിത വേതനം കൊടുത്ത വിവരം - Nil

9.2021- 22-ൽ പൂർത്തിയാക്കിയ സ്ഥിര ആസ്തികളുടെ വിവരം (രൂപയിൽ) -64.98 ലക്ഷം

10.സോഷ്യൽ ഓഡിറ്റ് നടത്തിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

11.പദ്ധതികൾ സംബന്ധിച്ച വിവരം.

| നം | പദ്ധതി വിഭാഗം | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 1 | മണ്ണ്,ജല സംരക്ഷണം | 147 | 57200000 |
| 2 | വ്യക്തിഗത ആസ്തികൾ | 325 | 6498000 |

12.തൊഴിലുറപ്പ് പദ്ധതി വരവ്,ചെലവ് വിവരം.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 101404 | 1919873 | 2021277 | 2018576 | 2701 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 71626000 | 71626000 | 71626000 | 0 |
| ആകെ | 101404 | 73545813 | 73647277 | 73644576 | 2701 |

13.2021-22 വർഷത്തിൽ മെറ്റീരിയൽ വർക്ക് ഇല്ല.

14. തുടർച്ചയായി 3 വർഷത്തിലധികമായി മേറ്റായി പ്രവർത്തിക്കുന്നവരുടെ വിവരം ലഭ്യമാക്കിയിട്ടില്ല.

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.12.2022 തീയതിയിൽ 10.45AM സമയത്ത് ഉത്തരവാദത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6561/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | വിവരം ലഭ്യമല്ല. | | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26.10.2022 | 2017 ഏപ്രിൽ മുതൽ 2022 ജൂലൈ വരെ | 07.12.2022 |

## 1-10 ആര്യനാട് പബ്ലിക് മാർക്കറ്റിൽ ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം - മൂന്നമാസം കൊണ്ട് പൂർത്തിയാക്കേണ്ട പദ്ധതി രണ്ട് വർഷം കഴിഞ്ഞിട്ടും പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |
| പ്രോജക്ട് നമ്പർ | 126/2021-22 (സ്പിൽ ഓവർ)<br>ആര്യനാട് പബ്ലിക് മാർക്കറ്റിൽ ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം |
| അടങ്കൽ | 1969030/- രൂപ (15,50,000/- CFC<br>419030/- - കേന്ദ്രാവിഷ്കൃത പദ്ധതി) |
| തൻവർഷ ചെലവ് | 8,61,940/- രൂപ |
| ബിൽ നം./തീയതി | 14/01.11.21 - 4,30,970/-<br>28/18.01.22 – 430,970/- |

2020-21 ൽ അംഗീകാരം ലഭിച്ച ടി പ്രോജക്ട് പ്രകാരം ആര്യനാട് പൊതു മാർക്കറ്റിൽ 500 കിലോ ശേഷിയുള്ള ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന്, നിർമ്മാണചെലവ്, മാനേജ്മെന്റ് ചാർജ്ജ്, ജി.എസ്.ടി എന്നിവ ഉൾപ്പെടെ ചുവടെ പറയും പ്രകാരം ആകെ 22,12,000/- രൂപയുടെ എസ്റ്റിമേറ്റിന്, ശുചിത്വ മിഷനിൽ നിന്ന് 30.09.2020 ൽ സാങ്കേതികാനുമതി ലഭിച്ചു.

| | |
|---|---|
| Construction Of 50 Kg Biogas Plant | 1483165.77 |
| Food Waste Pulveriser And Shed | 417776.97 |
| Electrical Connection | 23031.43 |
| | 1923974.43 |
| 12 % GST | 230876.90 |
| 2.5 % Management Charge | 48099.36 |
| 18 % GST On Management Charge | 8657.89 |
| Unforseen | 391.68 |

| | |
|---|---|
| Total | 2212000 |

ടി പദ്ധതിയുടെ നിർവഹണം അക്രഡിറ്റഡ് ഏജൻസിയായ IRTC യെ ഏൽപ്പിക്കുകയും, 19.10.2020 ൽ 39/AE/LSGD /ARYD/2020-21 നമ്പരായി കരാറിൽ ഏർപ്പെടുകയും ചെയ്തു. ധാരണാപത്രം Clause 8 പ്രകാരം സൈറ്റ് രേഖാമൂലം കൈമാറി മൂന്ന് മാസത്തിനകം പണി പൂർത്തിയാക്കേണ്ടതാണ്. കരാർ പ്രകാരം പദ്ധതി തുക അഞ്ച് ഗഡുക്കളായിട്ടാണ് നൽകേണ്ടത്. 19.10.2020 ൽ തന്നെ സൈറ്റ് കൈമാറുകയും നാളിതുവരെ താഴെപറയും പ്രകാരം മൂന്ന് ഗഡുക്കളായി 12,92,910/- രൂപ നൽകിയെങ്കിലും പദ്ധതി പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചിട്ടില്ല.

| | |
|---|---|
| 22.01.2021 | 4,30,970/- രൂപ |
| 14.11.2021 | 4,30,970/- രൂപ |
| 18.01.2022 | 4,30,970/- രൂപ |
| ആകെ | 12,92,910/- രൂപ |

ഓഡിറ്റ് ടീം നടത്തിയ സ്ഥല പരിശോധനയിൽ, Compound Wall, Food Waste Pulveriser, Electrification എന്നീ നിർമ്മാണങ്ങൾ നടത്തിയിട്ടില്ല എന്ന് ബോദ്ധ്യപ്പെട്ടു. പ്രദേശം മാലിന്യം കൊണ്ട് മൂടപ്പെട്ട അവസ്ഥയിലും ആയിരുന്നു (ചിത്രങ്ങൾ ഉൾപ്പെടുത്തുന്നു). കരാർ പ്രകാരം മൂന്ന് മാസത്തിനുള്ളിൽ പൂർത്തിയാക്കേണ്ട പദ്ധതി, സൈറ്റ് കൈമാറി രണ്ട് വർഷം പിന്നിട്ടശേഷവും പൂർത്തിയാക്കിയിട്ടില്ല എന്നത് നിർമ്മാണ ചുമതല ഏറ്റെടുത്ത ഏജൻസിയുടെ ഭാഗത്ത് നിന്നുള്ള ഗുരുതരമായ അലംഭാവം ആണ്. ഇതു സംബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം. 21 തീയതി 27.12.2022) നൽകിയ മറുപടിയിൽ, ടി പ്രോജക്ടിന്റെ പണി നാളിതുവരെ പൂർത്തിയായിട്ടില്ല എന്നും, കോവിഡ് സാഹചര്യത്തെ തുടർന്ന് പണി ആരംഭിക്കാൻ വൈകിയത് കൊണ്ടാണ് പൂർത്തിയാക്കാൻ കഴിയാത്തത് എന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ കോവിഡ് നിയന്ത്രണങ്ങൾ മാറി മാസങ്ങൾ പിന്നിട്ടിട്ടും നിർമ്മാണം പൂർത്തിയാക്കുകയോ, വ്യക്തമായ കാരണങ്ങളുടെ അടിസ്ഥാനത്തിൽ കാലാവധി നീട്ടി നൽകാൻ നിർവഹണ ഏജൻസി ആവശ്യപ്പെടുകയോ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ കരാർ ലംഘനം നടത്തിയ നിർവഹണ ഏജൻസിക്ക് എതിരെ നിയമ നടപടികൾ സ്വീകരിക്കേണ്ടതും, അക്രഡിറ്റഡ് ഏജൻസികൾ വരുത്തുന്ന വീഴ്ചകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതുമാണ്. രണ്ട് മാസത്തിനകം പദ്ധതി പൂർത്തീകരിക്കാൻ വേണ്ട തുടർനടപടികൾ നിർവഹണ ഉദ്യോഗസ്ഥർ സ്വീകരിക്കേണ്ടതും, സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം ചെലവായ തുക പാഴ്ചെലവായി വിലയിരുത്തി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.



1-11 ടേക്ക് എ ബ്രേക്ക്- വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 125/2021-22 (സ്പിൽ ഓവർ) ടേക്ക് എ ബ്രേക്ക് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | 35,00,000/- രൂപ<br>(2768886/- -ധനകാര്യകമ്മീഷൻ അവാർഡ്<br>731114/- -കേന്ദ്രാവിഷ്കൃത ഫണ്ട് |
| ചെലവ് | 21,77,554/- രൂപ<br>(1471655/- ധനകാര്യകമ്മീഷൻ അവാർഡ്<br>705899/-കേന്ദ്രാവിഷ്കൃത ഫണ്ട്) |
| T.S. No. | 80331/2020-21 |
| ബിൽ നം./തീയതി | 41/18.03.2022 |

2020-21 വർഷത്തിൽ ആരംഭിച്ച ടി പദ്ധതി പ്രകാരം, ആര്യനാട് KSRTC ഡിപ്പോയിൽ സ്ഥാപിക്കാൻ ഉദ്ദേശിച്ച ടോയ്‌ലറ്റ് സമുച്ചയത്തിന് 35 ലക്ഷം രൂപ അടങ്കൽ തുകയ്ക്ക് 28.10.20 ൽ ഇ-ടെണ്ടർ ചെയ്യുകയും ലഭിച്ച 2 ടെണ്ടറുകളിൽ ഏറ്റവും കുറവ് ക്വാട്ട് ചെയ്ത കരാറുകാരനുമായി (24,89,764/- രൂപ) 15.01.2021 ൽ കരാർ ചമയ്ക്കുകയും അതേ തീയതിയിൽ സൈറ്റ് കൈമാറുകയും ചെയ്തതായി കാണുന്നു. ടി പദ്ധതിയുടെ നടത്തിപ്പിൽ താഴെപറയുന്ന അപാകങ്ങൾ കാണുന്നു.

(എ) സാങ്കേതികാനുമതി/കരാർ എന്നിവ പ്രകാരം പദ്ധതി പൂർത്തിയാക്കേണ്ട കാലാവധി പരമാവധി 6 മാസം ആയിരുന്നു. 15.01.2021 ൽ സൈറ്റ് കൈമാറിയ സാഹചര്യത്തിൽ കരാർ പ്രകാരം പണി പൂർത്തിയാക്കേണ്ട തീയതി 15.07.2021 ആയിരുന്നു. എന്നാൽ പണി എന്നാണ് പൂർത്തീകരിച്ചത് എന്ന് വ്യക്തമല്ല. Completion Certificate തയ്യാറാക്കിയിട്ടില്ല. എം.ബുക്ക് പ്രകാരം ചെക്ക് മെഷർമെന്റ് ചെയ്ത തീയതി 08.07.22 ആണ്. പദ്ധതി പൂർത്തിയായ തീയതി, പദ്ധതി വൈകിയതിന് കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയിട്ടുണ്ടോ എന്നീ വിവരങ്ങൾ 24.12.2022 ലെ ഓഡിറ്റ് അന്വേഷണം നം. 10 പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയറോട് ആരാഞ്ഞിരുന്നുവെങ്കിലും മറുപടി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ പദ്ധതി പൂർത്തിയാക്കാൻ വൈകിയത് കരാറുകാരനിൽ നിന്ന് പിഴ ഈടാക്കാത്തതിന്

തൃപ്തികരമായ വിശദീകരണം നൽകേണ്ടതും അല്ലാതെപക്ഷം പിഴ ഈടാക്കാൻ വീഴ്ച വരുത്തിയ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും ടി തുക ഈടാക്കി അറിയിക്കേണ്ടതാണ്.

(ബി) KSRTC യുടെ ഭൂമിയിൽ നിർമ്മിച്ച ടി പദ്ധതി നടത്തിപ്പിനായും തുടർ പരിപാലനത്തിനായും KSRTC യുമായി പഞ്ചായത്ത് കരാരിൽ ഏർപ്പെട്ടിട്ടില്ല. ഇത് നിർവഹണ ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്നുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

(സി) ടി ആസ്തി പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ഡി) തുടർപരിപാലന ചുമതല, ഈടാക്കുന്ന യൂസർഫീ എന്നിവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം. 10 തീയതി 24.12.22) അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിട്ടില്ല. ഇതിൽ സ്വീകരിച്ച വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 റോഡ് കണക്ടിവിറ്റി മാപ്പ്-18000/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 170/2021-22, റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചീനിയർ |
| അടങ്കൽ | 54,000/- രൂപ (ധനകാര്യകമ്മീഷൻ അവാർഡ്) |
| ചെലവ് | 18,000/- രൂപ (ധനകാര്യകമ്മീഷൻ അവാർഡ്) |
| ബിൽ നം./തീയതി | 316/25.03.2022, ₹ 18,000/- |

റോഡ് കണക്ടിവിറ്റി മാപ്പ് എന്ന പദ്ധതി നടത്തിപ്പിനായി തൻവർഷം 18,000/- രൂപ രണ്ട് വ്യക്തികൾക്ക് പരാമർശിത ബിൽ പ്രകാരം ദിവസവേതനം നൽകിയതായി കാണുന്നു. എന്ത് പ്രവൃത്തിക്കായിട്ടാണ് ടി വേതനം നൽകിയതെന്നും, പദ്ധതി പൂർത്തിയായിട്ടുണ്ടോ എന്നീ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (ഓഡിറ്റ് എൻക്വയറി നം. 23 തീയതി 27.12.22) പദ്ധതി പ്രവർത്തനങ്ങൾക്കായാണ് ടി വേതനം നൽകിയതെന്നും, പദ്ധതി പൂർത്തീകരിച്ചിട്ടില്ലായെന്നും, 2022-23 വർഷത്തിൽ സ്പിൽ ഓവർ ആയി ഉൾപ്പെടുത്തിയിട്ടുണ്ട് എന്നും അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്. എന്നാൽ 18,000/- രൂപ ചെലവിട്ട് നടത്തിയ പ്രവർത്തനങ്ങൾ എന്താണെന്ന് വ്യക്തമാക്കാൻ ആകാത്ത സാഹചര്യത്തിലും പദ്ധതി നടത്തിപ്പ് പൂർത്തിയാക്കാത്ത സാഹചര്യത്തിലും, ടി ഇനത്തിൽ ചെലവിട്ട തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-13 പാഥേയം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

പ്രോജക്ട് നം.10/22(പാഥേയം)

അടങ്കൽ – 1440000/- (വി.ഫ(പൊ.വി))-576000/-, 964000/- ജില്ലാ പഞ്ചായത്ത് വിഹിതം

ചെലവ് - 576000/- ബിൽ നമ്പർ 192/28.01.22 (വികസന ഫണ്ട് ACR പ്രകാരം)
നിർവഹണ ഉദ്യോഗസ്ഥൻ- അസി.സെക്രട്ടറി.

60 വയസിന് മുകളിൽ പ്രായമുള്ളവരും, ഒരുനേരത്തെ ആഹാരം പോലും ലഭ്യമാകാത്തവരുമായ ഒരുനേരത്തെ പാകംചെയ്ത ആഹാരം കുടുംബശ്രീവഴി ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള പദ്ധതിക്കായി ജില്ലാപഞ്ചായത്ത് അക്കൌണ്ടിലേക്ക് 576000/- രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ ആയതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കി സമർപ്പിക്കാമെന്ന് നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയ്ക്കായി പഞ്ചായത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ, പദ്ധതിയുടെ മോണിറ്ററിംഗ് എന്നിവയുൾപ്പെടെ ലഭ്യമാക്കേണ്ടതും വിഷയത്തിൽ തുടർനടപടി സ്വീകരിക്കേണ്ടതുമാണ്. ഭരണസമിതി ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

2020-21 കാലയളവിലും പാഥേയം പദ്ധതിക്കായി ഫണ്ട് കൈമാറിയിട്ടുണ്ടെങ്കിലും വിനിയോഗസാക്ഷ്യപത്രം ഇതുവരെ ഹാജരാക്കിയിട്ടില്ല.

## 1-14 പാലിയേറ്റീവ് ചെലവുകൾ- തുക നിരാകരിക്കുന്നു 15300/-രൂപ

പ്രോജക്ട് നം -47/22( പാലിയേറ്റീവ് കെയർ)
ഫണ്ടിനം -വികസന ഫണ്ട്

അടങ്കൽ -1300000/-

ചെലവ് -1075415/- (സുലേഖ പ്രകാരം)

ബിൽ നം,തീയതി -22/27.1.22 ,1,16,850/

നിർവഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ, സി.എച്ച്.സി

പാലിയേറ്റീവ് കെയർ പ്രോജക്ടിനായി ചെലവ് ചെയ്ത തുകയിൽ വാഹന മെയിൻറനൻസിനായി 15,300/-രൂപ അധികം ചെലവഴിച്ചു. വിശദാംശങ്ങൾ ഖണ്ഡിക 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-15 ആദായ നികുതി തനത് ഫണ്ടിൽ നിന്നും അടച്ചത്-സെക്രട്ടറിയുടെ ബാധ്യത-48,853/- രൂപ നിരാകരിക്കുന്നു.

റർബൻ മിഷൻ ഫണ്ടിലുൾപ്പെടുത്തി 2018-19 ൽ ചെയ്ത ആര്യനാട് മാർക്കറ്റ് റെനോവേഷൻ എന്ന പ്രോജക്ടിന്റെ ഫൈനൽ ബിൽ തുകയിൽ നിന്നും 48,853/-രൂപ ആദായ നികുതി ഇനത്തിൽ കുറവ് ചെയ്ത് ആദായ നികുതി വകുപ്പിൽ അടച്ചിട്ടില്ല എന്ന് പ്രസ്തുത വർക്കിന്റെ കോൺട്രാക്ടർ ശ്രീ.ഗോപി 08.03.22 ന് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. തുടർന്ന് 19.03.2022 ന് 48,853/- രൂപ തനതുഫണ്ടിൽ നിന്ന് ആദായനികുതി വകുപ്പിൽ അടവാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത തുക റർബൻ മിഷൻ ഫണ്ടിൽ നിന്നും തനത് ഫണ്ടിൽ അടവാക്കിയിരുന്നതാണോയെന്ന് ഉറപ്പ് വരുത്തുന്നതിനുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നല്കിയ എൻക്വയറി (നം.16) ക്ക് മറുപടി ലഭിച്ചിട്ടില്ല. റർബൻ മിഷൻ ഫണ്ടിൽ നിന്നുള്ള ചെലവ് ആയതിനാൽ ആദായ നികുതി റർബൻമിഷൻ ഫണ്ടിൽ നിന്നും കുറവ് ചെയ്തതാണോ എന്ന് ഉറപ്പുവരുത്താതെ തനത് ഫണ്ടിൽ നിന്നും ചെലവ് ചെയ്തത് അംഗീകരിക്കാനാവില്ല. കൂടാതെ റർബൻ മിഷൻ ഫണ്ട് നിലവിൽ ക്ലോസ് ചെയ്ത് ബാലൻസ് തിരികെ അടച്ചിട്ടുള്ളതുമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ തനത് ഫണ്ടിൽ നിന്നും ആദായ നികുതി വകുപ്പിലേയ്ക്ക് അടച്ച 48,853/-രൂപയുടെ (വൗച്ചർ നം 22101011, (ചെക്ക്നം 713801/19.3.22) ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

## 1-16 പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർടാങ്ക്- അപാകതകൾ

പ്രോജക്ട് നം. - 136/22(പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർടാങ്ക്)

അടങ്കൽ - 465000/- (372000- വി.ഫ(എസ്.സി), 93000/-- ഗുണ.വിഹിതം)
ഗുണഭോക്തൃവിഹിതം ചെക്ക് നമ്പർ 713810/31.03.22 ₹93862/-
ചെക്ക് നമ്പർ 7138

ചെലവ് -464998 /- (ബിൽ നം. 6/16.03.2021, 7/30.03.2021, 11/30.03.2021)
322/30.03.22 ₹24585/-
247/10.03.22 ₹ 90090/-
277/22.03.22 ₹ 204875/-
304/26.03.22 ₹52448/-
നിർവ്വഹണ ഉദ്യോഗസ്ഥൻ:അസിസ്റ്റന്റ് സെക്രട്ടറി

പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർടാങ്ക് വാങ്ങി നല്കി കുടിവെള്ള ലഭ്യത ഉറപ്പാക്കുക എന്നതാണ് പ്രോജക്ട്. ഈ പ്രോജക്ട് പ്രകാരം ഒരു വാട്ടർ ടാങ്കിന് 2180/-രൂപ നിരക്കിൽ Tritech Traders എന്ന സ്ഥാപനത്തിന് 464998/- രൂപ നൽകിയിട്ടുണ്ട്. ഇതിലേക്കായി വികസനഫണ്ട്(എസ്.സി) ഇനത്തിൽ 371998/- രൂപ, ഗുണഭോക്തൃവിഹിതമിനത്തിൽ 93000/- രൂപ എന്നിങ്ങനെ ആകെ 464998/- രൂപയാണ് സുലേഖഎക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ്. എന്നാൽ മേൽ പറഞ്ഞ ചെക്ക് പ്രകാരം ഗുണഭോക്തൃവിഹിതം 93862/- രൂപയാണ് Tritech ന് നൽകിയത്. ഇത് സംബന്ധിച്ച് നിർവ്വഹണോദ്യോഗസ്ഥ ലഭ്യമാക്കിയ വിശദീകരണം പ്രകാരം 547/- രൂപ വീതം 227 പേരിൽ നിന്നും ഗുണഭോക്തൃവിഹിതമിനത്തിലെ യഥാർത്ഥ വരവ് , ചെലവ് 124169/- രൂപയാണ്. പ്രസ്തുത പ്രോജക്ടിലേക്ക് ആകെ കളക്ട് ചെയ്ത തുകയുടെ കൃത്യത ബോധ്യപ്പെടുന്നതിനുള്ള യാതൊരുരേഖയും നിർവഹണ ഉദ്യോഗസ്ഥ സൂക്ഷിച്ചിട്ടില്ല. നേരിട്ട് പഞ്ചായത്തിൽ അടയ്ക്കുന്നതുകൊണ്ടാണ് ഇത്തരത്തിൽ കണക്ക് സൂക്ഷിക്കാത്തത് എന്ന നിർവഹണ ഉദ്യോഗസ്ഥയുടെ മറുപടി തൃപ്തികരമല്ല. ക്യാഷ്ബുക്ക്, വിതരണരജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. ബാക്കിനിൽക്കുന്ന തുകയുടെ കൃത്യത വിശദീകരിക്കേണ്ടതുണ്ട്. പ്രോജക്ടിലേക്ക് ഗുണഭോക്തൃ വിഹിതമിനത്തിൽ കളക്ട് ചെയ്തതും, ചെലവഴിച്ചതും ബാക്കിനിൽക്കുന്നതുമായ തുക സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതും, പ്രോജക്ട് പ്രകാരം ഗുണഭോക്തൃവിഹിതം വകയിരുത്തിയതിലും അധികം ചെലവഴിച്ചതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അടങ്കൽ തുകയിൽ നിന്നും പ്രോജക്ട് വ്യതിചലിച്ചിട്ടും റിവൈസ് ചെയ്യാതിരുന്നതിനുള്ള വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.

കൂടാതെ സമാന ആനുകൂല്യം പട്ടികജാതി വികസന വകുപ്പിൽ നിന്ന് ലഭിച്ചിട്ടില്ലായെന്നുള്ള സാക്ഷ്യപത്രം 20 അപേക്ഷകർക്കുള്ളത് മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. മറ്റ് ഗുണഭോകതാക്കൾ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-17 വെള്ളക്കരം - സംയുക്ത പരിശോധന നടത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് ഈ സാമ്പത്തിക വർഷം വെള്ളക്കരം ഇനത്തിൽ കേരള വാട്ടർ അതോറിറ്റിയിൽ 110719/-നിരക്കിൽ ഓരോ മാസവും അടയ്ക്കുന്നുണ്ട്. എന്നാൽ പ്രവർത്തനക്ഷമമായ പൊതു ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് കൃത്യമായ കണക്കുകൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.11/2020-21)ന് 28.12.2022 ന് ലഭ്യമാക്കിയ മറുപടി സംയുക്ത പരിശോധന നടത്തിയിട്ടില്ലയെന്നാണ്. ആയത് പൂർത്തിയാക്കി പ്രവർത്തനക്ഷമവും പൊതുജനോപകാരപ്രദവുമായ ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തി അർഹമായ തുകമാത്രമാണ് വെള്ളക്കരമിനത്തിൽ ഒടുക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഇത്തരം ടാപ്പുകളുടെ എണ്ണം രേഖപ്പെടുത്തുന്നതിനും വാട്ടർചാർജ്ജ് ഇനത്തിലെ ഒടുക്കുകൾ രേഖപ്പെടുത്തുന്നതിനുമുള്ള രജിസ്റ്റർ കൃത്യമായി പരിപാലിക്കേണ്ടതുമാണ്.

## 1-18 പഞ്ചായത്ത് തല ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല -തുടർ പ്രവർത്തനം അറിയിക്കേണ്ടതാണ്.

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ 3-ാം ചട്ടപ്രകാരം പേമാരി, വെള്ളപ്പൊക്കം, മാറാരോഗങ്ങൾ തുടങ്ങിയവയ്ക്ക് വിധേയരാവുന്നവർക്ക് അടിയന്തരധനസഹായം നൽകുന്നതിന് ഓരോ ഗ്രാമപഞ്ചായത്തും ഒരു പ്രമേയം മൂലം ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതാണ്. ധനശേഖരണാടിസ്ഥാനത്തിൽ കലാ-കായിക -വിനോദ പരിപാടികൾ സംഘടിപ്പിച്ചും വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽനിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിനാവശ്യമായ ധനം സ്വരൂപിക്കാവുന്നതാണ്. നിധിയുടെ വരവ്- ചെലവുകൾ കൈകാര്യംചെയ്യുന്നതിനായി ഒരു ദേശസാൽകൃത ബാങ്കിൽ അല്ലെങ്കിൽ സഹകരണബാങ്കിൽ സെക്രട്ടറിയുടെ പേരിൽ ഒരു ബാങ്ക് അക്കൌണ്ട് തുടങ്ങേണ്ടതും, ലഭിക്കുന്ന സംഭാവനകൾക്ക് അച്ചടിച്ച ഫാറത്തിലുള്ള രസീതുകൾ നൽകേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ടോയെന്ന എന്ന വിവരം ലഭ്യമാക്കുന്നതിന് നൽകിയ അന്വേഷണകുറിപ്പ് 34/2022ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തീരാജ് ചട്ടങ്ങളിൽ വിവരിക്കുന്നവിധം ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ലായെന്ന് മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലും ചൂണ്ടിക്കാണിച്ചിട്ടും പ്രസ്തുത നിധി രൂപീകരിക്കാത്തത് പഞ്ചായത്തിന്റെ അലംഭാവമായി കരുതുന്നു. ഗ്രാമപഞ്ചായത്ത് പരിധിയിൽ താമസിക്കുന്ന നിർദ്ധനരായ ജനങ്ങൾക്ക് ദുരിതകാലത്ത് കൈതാങ്ങായി മാറുന്ന ദുരിതാശ്വാസനിധിയിലേയ്ക്ക് പൊതുജനങ്ങളിൽ നിന്നും സംഭാവന സ്വീകരിച്ചും മറ്റ് മാർഗങ്ങൾ വഴിയും ധന സമാഹരണം നടത്തി ഏറ്റവും അർഹർക്ക് വേണ്ടസമയത്ത് ധനസഹായം എത്തിയ്ക്കാൻ പഞ്ചായത്ത് ഭരണസമിതി ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. തുടർനടപടി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 പെർമിറ്റ് ഇല്ലാത്ത കെട്ടിടങ്ങൾക്ക് ക്രമവത്ക്കരണം നടത്താതെ നമ്പർ നൽകി.നികുതി ചോർച്ച സംഭവിച്ചു.

സർക്കുലർ നമ്പർ 12900/ആർ എ-1/2015/തസ്വഭവ സർക്കുലർ പ്രകാരം കെട്ടിട നിർമ്മാണ അപേക്ഷ ഫയലിൽ നോട്ട് ഭാഗവും കറസ്പ്പോണ്ടൻസ് ഭാഗവും ഉണ്ടായിരിക്കേണ്ടതും,കൂടാതെ പെർമിറ്റിന്റെയും അംഗീകൃത പ്ലാനിന്റെയും പകർപ്പ് ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.കംപ്ലീഷൻ പ്ലാനുകളും കംപ്ലീഷൻ സർട്ടിഫിക്കറ്റും ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണം പരിശോധിച്ച് സെക്രട്ടറി കെട്ടിടത്തിന് കെട്ടിട നമ്പർ അനുവദിക്കേണ്ടതുമാണ്.എന്നാൽ 2021-2022 വർഷത്തിൽ ഇപ്രകാരം കെട്ടിട നമ്പർ നൽകിയ ഏതാനും ഫയലുകൾ പരിശോധിച്ചതിൽ കെട്ടിടം നിർമ്മിക്കാൻ അനുവദിച്ചുകൊണ്ട് നൽകുന്ന പെർമിറ്റിന്റെ കോപ്പി ഫയലിൽ സൂക്ഷിച്ചിട്ടില്ലായെന്ന് കണ്ടെത്തി. ആയതിന് നൽകിയ അന്വേഷണകുറിപ്പ് 24/22-ന് ലഭ്യമാക്കിയ മറുപടിയിൽ ചുവടെ വിവരിക്കുന്ന കെട്ടിടങ്ങൾക്ക് പെർമിറ്റ് നൽകിയിട്ടില്ലായെന്ന് രേഖാമൂലം അറിയിച്ചു.അപ്രകാരം പെർമിറ്റ് കോപ്പി ലഭ്യമാക്കാതെ നമ്പർ അനുവദിച്ച ചില കെട്ടിടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | നമ്പറിംഗ് ഫയൽ | വിസ്തീർണം | റിമാർക്സ് |
|---|---|---|---|
| 16/521 A | A1/2514/21 | 15.51m$^2$(വാണിജ്യം) | ,, |
| 16/628c | 6749/21 | 22 M$^2$ ,, | ,, |
| 17/199 | 8757/21 | 70 M$^2$ ,, | ,, |

| | | | |
|---|---|---|---|
| 3/225a | A1/7967/19 | 118.49 $M^2$(വാസഗൃഹം) | ,, |
| 3/213a | A1/6133/21 | 123.9 $M^2$ ,, | ,, |
| 7/369 C1 | A1/7749/21 | 15.04 $M^2$(വാണിജ്യം) | ,, |
| 7/598 | A5/5470/21 | 16 $M^2$(വാണിജ്യം) | ,, |
| 9/293a | A1/3542/21 | 45.93 $M^2$(വാണിജ്യം) | ,, |
| 9/465a | 1285/21 | 49.37 $M^2$(വാണിജ്യം) | ,, |
| 12/111 D | A1/5708 | 12.35 $M^2$(വാണിജ്യം) | ,, |
| 12/650b | A1/7467/20 | 18.98 $M^2$(വാണിജ്യം) | ,, |
| 1/201a | B3/5293/2015 | 169.3 $M^2$(വാസഗൃഹം) | ,, |

പെർമിറ്റ് നൽകിയിട്ടില്ലായെങ്കിൽ നിയമാനുസൃത ഫീസ് ഈടാക്കി റെഗുലറൈസേഷൻ (റൂൾ 92-96) നടത്തി ഓഡിറ്റിനെ രേഖകൾ സഹിതം അറിയിക്കേണ്ടതും ആണ്. പ്രസ്തുത നടപടി സ്വീകരിക്കാത്ത പക്ഷം മേൽ വിവരിച്ച കെട്ടിടങ്ങൾ ക്രമവത്ക്കരണം നടത്തിയാൽ ലഭിക്കുന്ന തുക എത്രയാണോ അത്രയും തുക ചട്ടവിരുദ്ധമായി നമ്പറുകൾ അനുവദിച്ച സെക്രട്ടറിയിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20 ഒറ്റതവണ നികുതി അടവാക്കാത്ത കെട്ടിടങ്ങൾക്ക് നമ്പർ നൽകുന്നു.

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 9-7-2015-ലെ സ.ഉ.(എം.എസ്) 231/2015 നമ്പർ ഉത്തരവ് പ്രകാരം പുതിയതായി കെട്ടിട നമ്പർ അനുവദിക്കുമ്പോഴോ, നിലവിലുള്ളവയോട് കൂട്ടിച്ചേർക്കപ്പെട്ട് നികുതി ചുമത്തമ്പോഴോ, വാസഗൃഹങ്ങൾക്ക് $100m^2$-ന് മുകളിലും, വാണിജ്യകെട്ടിടങ്ങൾക്ക് $50m^2$മുകളിൽ വിസ്തീർണം അധികരിക്കുകയാണെങ്കിൽ പ്രസ്തുത കെട്ടിടത്തിന് റവന്യൂവകുപ്പിൽ അടവാക്കിയ ഒറ്റതവണ കെട്ടിടനികുതിയുടെ ആദ്യ ഗഡു അടവാക്കിയ രസീതിന്റെ പകർപ്പോ,അല്ലായെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ സമർപ്പിച്ചതിന്റെ രേഖയോ ഹാജരാക്കിയാൽ മാത്രമേ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ തറവിസ്തീർണം തിട്ടപ്പെടുത്തി കെട്ടിടത്തിന് നമ്പർ നൽകാവൂവെന്ന് അനുശാസിക്കുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2021-22 വർഷത്തിൽ നമ്പർ നൽകിയ ഏതാനും ഫയലുകൾ പരിശോധിച്ചതിൽ മേൽ ഉത്തരവിന് വിധേയമായ ഒറ്റതവണ നികുതി അടവാക്കിയതിന്റെയോ,വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ സമർപ്പിച്ചതിന്റെ രേഖയോ ഹാജരാക്കാത്ത നിരവധി കെട്ടിടങ്ങൾക്ക് നമ്പർ നൽകിയതായി കണ്ടെത്തി.ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 24/2022- ന് നൽകിയ മറുപടിയിൽ മേൽ വിവരിച്ച രേഖകൾ വാങ്ങിയിട്ടില്ലായെന്നും ആയത് പരിഹരിക്കുന്നതാണെന്നും അറിയിച്ചു. വരും വർഷങ്ങളിൽ മേൽ ഉത്തരവിൽ വിവരിക്കുന്ന രേഖകൾ ലഭ്യമാക്കിയശേഷം കെട്ടിടങ്ങൾക്ക് നമ്പർ നൽകുന്നതിന് സെക്രട്ടറി ശ്രദ്ധ നൽകേണ്ടതാണ്.

## 1-21 കെട്ടിടത്തിന്റെ ആകെ വിസ്തീർണത്തിന് നികുതി ചുമത്തിയിട്ടില്ല.നികുതിചോർച്ച സംഭവിക്കുന്നു.

കേരള പഞ്ചായത്ത് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജം ചട്ടങ്ങൾ) 2011 പ്രകാരം ഒരു കെട്ടിടം നിർമ്മാണം പൂർത്തിയാക്കി നമ്പർ ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കപ്പെട്ട് കഴിഞ്ഞാൽ എഞ്ചിനിയറിംഗ് വിഭാഗം സ്ഥലപരിശോധന നടത്തുകയും നിർമ്മാണം കെട്ടിടനിർമ്മാണ ചട്ടങ്ങൾക്ക് വിധേയമാണെന്ന് സാക്ഷ്യപ്പെടുത്തുകയും ചെയ്തത് കഴിഞ്ഞാൽ സെക്രട്ടറിയ്ക്ക് കെട്ടിടത്തിന് നമ്പർ അനുവദിക്കാവുന്നതും നികുതി നിർണയിക്കാവുന്നതാണ്. അപ്രകാരം നികുതി നിർണയിക്കുന്നവേളയിൽ കെട്ടിടത്തിന്റെ ആകെ വിസ്തീർണത്തിന് നികുതി ചുമത്തപ്പെട്ടുവെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതുമാണ്. അല്ലാത്തപക്ഷം ആയത് നികുതി ചോർച്ചയ്ക്ക് കാരണമാവുന്നതാണ്. 2021-22 വർഷത്തിൽ നമ്പർ നൽകി നികുതിചുമത്തപ്പെട്ട ഏതാനും കെട്ടിടങ്ങൾക്ക് പൂർണമായി നികുതി ചുമത്തപ്പെട്ടുവെന്ന് ഉറപ്പുവരുത്തുന്നതിനായി കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയയിൽ പരിശോധിച്ചതിൽ A3-BA-26079/19 നമ്പർ പെർമിറ്റ് പ്രകാരം നിർമ്മാണം പൂർത്തീകരിച്ച വാണിജ്യാവശ്യ കെട്ടിടത്തിന് പൂർത്തീകരണ പ്ലാനിൽ വിവരിക്കുന്ന മുഴുവൻ വിസ്തീർണത്തിനും നികുതി ചുമത്തിയിട്ടില്ലായെന്ന് കണ്ടെത്തി. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഫയൽ നമ്പർ | പൂർത്തീകരണ പ്ലാനിലെ ആകെ വിസ്തീർണം | നൽകിയ കെട്ടിട നമ്പർ | സഞ്ചയപ്രകാരം നികുതി ചുമത്തിയ വിസ്തീർണം | റിമാർക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2665/20 | GF-178.07 $M^2$,<br>FF- 178.07$m^2$,<br>Tower-16.78 $M^2$<br>ആകെ-372.92$m^2$ | 13/206 A<br>13/206- B | 17.33m2<br>177.21 $M^2$-<br>ആകെ-194.54 $M^2$ | 200 $M^2$-ന് മുകളിൽ 60/-രൂപ നിരക്കിൽ നികുതി ചുമത്തണം |

A3-BA-26079/2019 നമ്പർ പെർമിറ്റ് പ്രകാരം നിർമിച്ച വാണിജ്യാവശ്യ കെട്ടിടം പൂർത്തീകരിച്ചതായി കെട്ടിട ഉടമ അപേക്ഷ നൽകി. ആയത് പ്രകാരം കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ അനുസരിച്ച് പരിശോധിച്ച ഓവർസീയർ ഓക്യുപ്പൻസി സർട്ടിഫിക്കറ്റിനായുള്ള പ്രെർഫോമ റിപ്പോർട്ടിൽ GF-180.33$m^2$-ഉം FF-177.21$m^2$, Tower-15.70$m^2$ ആകെ 373.24$m^2$ വിസ്തീർണം കെട്ടിടത്തിന് ഉള്ളതായും സാക്ഷ്യപ്പെടുത്തി. എന്നാൽ പ്രസ്തുത കെട്ടിടത്തിന് സെക്രട്ടറി രണ്ട് നമ്പർ നൽകി ആകെ 194.54$m^2$ വിസ്തീർണത്തിന് മാത്രം നികുതി നിശ്ചയിച്ചതായി വ്യക്തമായി. കംപ്ലീഷൻ പ്ലാൻ അനുസരിച്ച് 372.92$m^2$-ഉം, ഓവർസീയറുടെ ഓക്യുപ്പൻസി സർട്ടിഫിക്കറ്റിൽ കെട്ടിടത്തിന് 373.24$m^2$- വിസ്തീർണം രേഖപ്പെടുത്തിയിട്ടും,കംപ്ലീഷൻ പ്ലാനിലെയും, ഓവർസീയറുടെ റിപ്പോർട്ടിലെയും വിസ്തീർണത്തിലുള്ള വ്യത്യാസം പുനപരിശോധിക്കുകയോ ചെയ്തതിട്ടില്ല. കെട്ടിടഉടമ കെട്ടിടത്തിന്റെ പണികൾ എല്ലാം പൂർത്തിയായിയെന്ന് സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടും പ്രസ്തുത കെട്ടിടത്തിന് സഞ്ചയപ്രകാരം 194.54 $M^2$- വിസ്തീർണത്തിന് മാത്രം നികുതി ചുമത്തിയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 39/22-ന് ലഭ്യമാക്കിയ മറുപടിയിൽ 178.70$m^2$ വിസ്തീർണത്തിന് നികുതി ചുമത്തിയിട്ടില്ലായെന്നും , നികുതി നിർണയത്തിൽ വീഴ്ച സംഭവിച്ചതായും ,കെട്ടിടനമ്പരുകളിൽ അടിയന്തിരമായി നികുതി പുനർനിർണ്ണയം നടത്തി കെട്ടിട ഉടമയ്ക്ക് നോട്ടീസ് നൽകി നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും അറിയിച്ചു. നിലവിൽ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടത്തിന് അടിസ്ഥാന വസ്തുനികുതിയായി രേഖപ്പെടുത്തിയിരിക്കുന്നത് 11672/-രൂപയും, ഓവർസീയറുടെ റിപ്പോർട്ട് പ്രകാരം കെട്ടിടത്തിന്റെ പൂർണവിസ്തീർണത്തിന് നികുതി ചുമത്തിയിരുന്നുവെങ്കിൽ 22394/-രൂപയും ലഭിക്കുമായിരുന്നു. അടിസ്ഥാന നികുതിയിൽ തന്നെ പ്രതി വർഷം 10722/-രൂപ നഷ്ടപ്പെടുന്നു. 1994-ലെ കേരള കേരള പഞ്ചായത്തിരാജ് ആക്ട് വകുപ്പ് 234(3) പ്രകാരം യഥാസമയം നടപടിയെടുക്കുന്നതിലുള്ള വീഴ്ചമൂലം പഞ്ചായത്തിന് കിട്ടേണ്ട ഏതെങ്കിലും നികുതിയോ മറ്റു സംഖ്യയോ കാലഹരണപ്പെടുകയും, അത്തരം നഷ്ടത്തിന് ഉദ്യോഗസ്ഥർ കാരണമായയെന്ന് കണ്ടെത്തിയാൽ പഞ്ചായത്തിന് നഷ്ടപ്പെട്ട തുക 12%പലിശ സഹിതം ആ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണെന്ന് ഉത്തരവ് ഉള്ളതിനാൽ പ്രസ്തുത കെട്ടിടം പഞ്ചായത്തിലെ സാങ്കേതിക വിഭാഗത്തെകൊണ്ട് വീണ്ടും അളന്ന് വിസ്തീർണത്തിലുള്ള വ്യത്യാസം പരിഹരിച്ചും, കെട്ടിടനിർമ്മാണചട്ടങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തി, ആയത് പ്രകാരം സഞ്ചയയിൽ മാറ്റങ്ങൾ വരുത്തി നിയമാനുസൃത നികുതി ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ട് ലഭ്യമായി രണ്ട് മാസത്തിനകം അപാതക പരിഹരിക്കാത്തപക്ഷം നഷ്ടപ്പെടുന്ന തുക സെക്രട്ടറിയുടെ ബാധ്യതയായി മാറുന്നതാണ്.

## 1-22 റേഷൻകടകളിൽ നിന്നും തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഈടാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീസും, തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ലായെന്ന് കണ്ടെത്തിയതിൻ പ്രകാരം നൽകിയ അന്വേഷണകുറിപ്പ് 7/2022 -ന് മറുപടി ലഭ്യമാക്കായിട്ടില്ല. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22-01-2019-ലെ (സി.എസ്.)എ9-764/19 നമ്പർ ഉത്തരവ് പ്രകാരം റേഷൻകടകളെ ലൈസൻസ് ഫീസിൽ നിന്നും,തൊഴിൽ നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടില്ലായെന്ന് വ്യക്തമാക്കിട്ടുണ്ട്. ആയതിനാൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസും,തൊഴിൽ നികുതിയും ഈടാക്കേണ്ടതാണ്. തൊഴിൽ നികുതി അടവാക്കാത്ത പക്ഷം റേഷൻകടകളുടെ മേൽഅധികാരിയെന്ന നിലയിൽ താലൂക്ക് സപ്ലൈ ആഫീസർക്ക് അറിയിപ്പ് നൽകി പ്രസ്തുത നികുതി ഈടാക്കാൻ പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്. തുടർ നടപടി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-23 ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ -അപാകതകൾ

2018-ലെ കേരള നിക്ഷപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ട് പ്രകാരം 2021-22 സാമ്പത്തിക വർഷത്തിൽ ലൈസൻസ് നൽകിയ ഏതാനും ഫയലുകൾ പരിശോധിച്ചതിൽ ചുവടെ വിവരിക്കുന്ന അപാകതകളും കണ്ടത്തി. അപാകതകൾക്കുള്ള വിശദീകരണവും മറ്റ് വിവരങ്ങളും ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 7 /22-ന് മറുപടിയും ലഭ്യമാക്കിയില്ല.

1.ലൈസൻസ് ലഭിക്കുന്നതിനായി സമർപ്പിക്കുന്ന അപേക്ഷകളിൽ അപേക്ഷകൻ മൂലധന നിക്ഷേപം (ഉല്പാദനം,സേവനം)സ്വയം വ്യക്തമാക്കേണ്ടതും ആയത് അനുസരിച്ച് ലൈസൻസ് ഫീസ് ഈടാക്കി ലൈസൻസ്

നൽകേണ്ടതുമാണ്. എന്നാൽ 2021-22 വർഷത്തിൽ നൽകിയ ഭൂരിഭാഗം അപേക്ഷകളിലും മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ലായെന്ന് കണ്ടെത്തി.

2.വാർഡ് തല ടെയിഡേഴ്സ് ലിസ്റ്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

3.ഗ്രാമപഞ്ചായത്ത് പരിധിയിൽ എത്ര ക്വാറികൾ പ്രവർത്തിക്കുന്നുവെന്നും ,പ്രവർത്തിച്ചിരുന്നുവെങ്കിൽ ലൈസൻസ് നൽകിയതിന്റെ വിവരവും ലഭ്യമാക്കിയിട്ടില്ല.

4.ഗ്രാമപഞ്ചായത്തിൽ എത്ര കശുവണ്ടി ഫാക്ടറികൾ പ്രവർത്തിക്കുന്നുവെന്നും ലൈസൻസ് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കാനും ആവശ്യപ്പെട്ടുവെങ്കിലും വിവരങ്ങൾ ലഭ്യമാക്കിയില്ല.

5.പഞ്ചായത്ത് പരിധിയിൽ 4 ലധികം മിൽക്ക് സൊസൈറ്റികളും 3 ലധികം സഹകരണ സംഘങ്ങളും പ്രവർത്തിക്കുന്നതായി സ്റ്റാറ്റസ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുവെങ്കിലും വിവരങ്ങൾ ലഭ്യമാക്കിയില്ല.

6.പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പെട്രോൾപമ്പുകളുടെയും, ആഡിറ്റോറിയങ്ങളുടെയും വിവരം ലഭ്യമാക്കാനും പ്രസ്തുത സ്ഥാപനങ്ങൾക്ക് 2021-22വർഷത്തിൽ ലൈസൻസ് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിലെ മുഴുവൻ വാണിജ്യസ്ഥാപനങ്ങൾക്കും ലൈസൻസ് നൽകി തനത് വരുമാനം കൂട്ടുവാൻ ഭരണസമിതി നടപടി സ്വീകരിക്കേണ്ടതും തുടർനടപടി ഓഡിറ്റിനെ അറിയിക്കേണ്ടതും അന്വേഷണകുറിപ്പ് 7 /22-ന് മറുപടിയും ലഭ്യമാക്കേണ്ടതാണ്.

## 1-24 വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും വിവരങ്ങൾ "VEELS"-എന്നസൈറ്റിൽ രേഖപ്പെടുത്തിയിട്ടില്ല.

ധനകാര്യ വകുപ്പിന്റെ 22-10-2020-ലെ 59/2020 നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ.സ്ഥാപനങ്ങൾ,പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ് -ഇൻ- എയിഡ് സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ, സർക്കാർ സ്വയംഭരണസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന സ്വന്തമായിയുള്ളതും (വകുപ്പിന്റെ കീഴിലുള്ളവ ഉൾപ്പെടെ) അല്ലാത്തതുമായ (വാടക,കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉൾപ്പെടെ) എല്ലാത്തരം വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ "VEELS"-എന്ന സൈറ്റിൽ 30-11-2020-ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. പഞ്ചായത്തിന്റെയും അനുബന്ധസ്ഥാപനങ്ങളിലേയും വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും രേഖകൾ പ്രസ്തുത സൈറ്റിൽ രേഖപ്പെടുത്തിയതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് 19/22- ന് മറുപടി ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിലെയും അനുബന്ധസ്ഥാപനങ്ങളിലേയും വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും രേഖകൾ (വാടക,കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉപയോഗിക്കുന്നവ ഉൾപ്പെടെ) പ്രസ്തുത സൈറ്റിൽ രേഖപ്പെടുത്താതെ വാഹനങ്ങൾക്കായി തുക അനുവദിക്കുന്നത് ഉത്തരവിന്റെ ലംഘനമായി മാറുന്നതിനാൽ തുടർനടപടി സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-25 ഹരിതഭവനം പദ്ധതി - രേഖകളുടെ അഭാവത്തിൽ 18000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് നം. | 79/2022 |
| പേര് | ഹരിതഭവനം |
| അടങ്കൽ | 310000വികസനഫണ്ട് (പൊ.വി)<br>300000(ജി.പ.വി)<br>305000(ഗ്ര.വി -നേരിട്ട്) |
| ചെലവ് | രൂ.18000/-(ഗ്ര.വി) (സുലേഖ പ്രകാരം) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

മേൽ പദ്ധതി നടത്തിപ്പ് പരിശോധിക്കുന്നതിലേക്കായി പ്രോജക്റ്റ് ഫയൽ ,ചെലവിന് ആവശ്യമായ രേഖകൾ എന്നിവ ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നമ്പർ - 11/2021-22 തീയതി 24.12.2022 ) നൽകിയിരുന്നതിന്, ഗുണഭോക്തൃവിഹിതമിനത്തിൽ 36 കർഷകരിൽ നിന്നും പിരിച്ചെടുത്ത തുകയാണ് പദ്ധതി ചെലവായി കാണിച്ചിരിക്കുന്ന

18000/- രൂപയെന്നും ടി തുക ചെടിച്ചട്ടിക്കും പച്ചക്കറിതൈകളുടെ വിതരണത്തിനായും കാർഷിക കർമ്മസേനക്കായി കൈമാറിയതായും, മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ടി തുകയുടെ വിനിയോഗത്തിനുള്ള ചെലവ് രേഖകൾ/വൗച്ചറുകൾ പ്രോജക്റ്റ് ഫയൽ എന്നിവ ഹാജരാക്കിയിട്ടില്ല. ചെലവ് രേഖകൾ/വൗച്ചറുകൾ ഹാജരാക്കാത്ത കാരണത്താൽ പദ്ധതിക്കായി ചെലവിട്ട 18000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-26 തനിമ,ഫലവൃക്ഷ തൈ നട്ട് പരിപാലനം പദ്ധതി - 191029/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് നം. | 65/2022 |
| പേര് | തനിമ-ഫലവൃക്ഷ തൈ നട്ട് പരിപാലനം |
| അടങ്കൽ | 189375 വികസനഫണ്ട് (പൊ.വി)<br>63125(ഗു.വി )<br>ആകെ 252500 |
| ചെലവ് | 187316 വികസനഫണ്ട് (പൊ.വി)<br>രൂ.3713/-(ഗു.വി)<br>ആകെ 191029 |
| ബിൽ നം. | 08/2021-22<br>തീയതി 19.01.2022<br>രൂ.187316/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

ആര്യനാട് ഗ്രാമപഞ്ചായത്തിലെ ഫലോത്പാദന വർദ്ധനവിനായി മാവ്, വരിക്കപ്ലാവ്, കപ്പവാഴ,സപ്പോട്ട എന്നീ ഫലവൃക്ഷങ്ങളുടെ ഗ്രാഫ്റ്റ്/ബഡ് കർഷകർക്ക് 75% സബ്സിഡി നിരക്കിൽ നൽകി ഗ്രാമപഞ്ചായത്തിലെ ഫലോത്പാദനം വർദ്ധിപ്പിക്കുക എന്നതാണ് പ്രോജക്റ്റ് ലക്ഷ്യം. ഇതിലേക്കായി മേൽ പ്രോജക്റ്റ് വഴി 370 യൂണിറ്റ് Mango Graft,jack Graft, Bread Fruit, Red Banana എന്നീയിനങ്ങൾ Agro- ഇൻഡസ്ട്രിയിൽ നിന്നും വാങ്ങിയതിനുള്ള ബില്ലും 14 ഗുണഭോക്താക്കളുടെ അപേക്ഷകളും ഓഡിറ്റിന് ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി രേഖകളുടെ പരിശോധനയിൽ ചുവടെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു,

1. ഓഡിറ്റിന് ലഭ്യമാക്കിയ 14 അപേക്ഷകളിലാരും തന്നെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുന്നവരല്ല.അപേക്ഷകരുടെ എണ്ണം 14 ആണെങ്കിലും ഗുണഭോക്തൃവിഹിതം ഒടുക്ക് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും 22 കർഷകരിൽ നിന്നും 22 യൂണിറ്റിനായി 168.75 (25% Of 675 (Unit Cost))രൂപ നിരക്കിൽ 3713/- രൂപ ഗുണഭോക്തൃ വിഹിതമിനത്തിൽ പിരിച്ചെടുത്തതായി കാണുന്നു.

2. പദ്ധതിപ്പണം ചെലവിട്ടുകൊണ്ട് Agro- ഇൻഡസ്ട്രിയിൽ നിന്ന് 370 യൂണിറ്റ് ഫലവൃക്ഷതൈകൾ വാങ്ങിയിരുന്നുവെങ്കിലും 22യൂണിറ്റ് മാത്രം വിതരണം ചെയ്തതിനുള്ള തെളിവുകളേ (ഗുണഭോക്തൃവിഹിതം ഒടുക്ക് വിവരം) പദ്ധതി രേഖകളിൽ ഉൾപ്പെടുന്നുള്ളൂ.

3.ആനുകൂല്യ വിതരണ വിവരങ്ങൾ, സ്റ്റോക്ക്-നീക്കിയിരുപ്പ് വിവരങ്ങൾ, പൂർണ്ണമായഅപേക്ഷകൾ എന്നിവ ലഭ്യമല്ല.

മേൽ അപാകതകൾക്ക് ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ - 11/2021-22 തീയതി 24.12.2022-നുള്ള മറുപടിയായി, തനിമ-ഫലവൃക്ഷ തൈ നട്ട് പരിപാലനം പദ്ധതി പ്രകാരം 370 യൂണിറ്റുകളാണ് നടപ്പാക്കേണ്ടതെങ്കിലും 22 യൂണിറ്റുകൾ മാത്രമേ വിതരണം ചെയ്യാൻ സാധിച്ചുള്ളുവെന്നും ബാക്കി 348 യൂണിറ്റുകൾ 2022-23 ലാണ് വിതരണം ചെയ്തിട്ടുള്ളതെന്നും ഈ 22 പേരിൽ 14 പേർ മാത്രമേ അപേക്ഷയും അനുബന്ധരേഖകളും ലഭ്യമാക്കിയിരുന്നുള്ളുവെന്നും ബാക്കിയുള്ളവരുടെ അപേക്ഷകൾ ഗുണഭോക്താക്കളെ വിളിച്ചുവരുത്തി തയ്യാറാക്കി ഹാജരാക്കാമെന്നും ടി പദ്ധതിക്കായി തയ്യാറാക്കിയ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുന്നവരാരും തന്നെ ഫലവൃക്ഷ യൂണിറ്റുകൾ കൈപ്പറ്റാൻ തയ്യാറാകാത്തതിനാലാണ് ആവശ്യക്കാർക്ക് വിതരണം ചെയ്തതിനുശേഷം അതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്തൃ പട്ടിക തയ്യാറാക്കിയതെന്നും, അറിയിച്ചിരിക്കുന്നു. മേൽ മറുപടിയിൽ നിന്നും തന്നെ പദ്ധതി നിർവ്വഹണം പദ്ധതി മാർഗ്ഗരേഖക്കും സബ്സിഡി നിബന്ധനകൾക്കും വിരുദ്ധമായിരുന്നുവെന്ന് വ്യക്തമാണ്.

പദ്ധതി മാർഗ്ഗരേഖക്കും സബ്സിഡി നിബന്ധനകൾക്കും വിരുദ്ധമായി മേൽ പദ്ധതിക്കായി ചെലവഴിച്ച 191029/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-27 സമഗ്ര കന്നുക്കുട്ടി പരിപാലന പദ്ധതി -വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | 43/2021-22 |
| പേര് | സമഗ്ര കന്നുക്കുട്ടി പരിപാലന പദ്ധതി(പൊതു വിഭാഗം) |
| അടങ്കൽ | വികസനഫണ്ട്( രൂ.925000)<br>സംസ്ഥാനാവി. (രൂ.625000)<br>ഗുണഭോക്തൃവിഹിതം(നേരിട്ട് ചെലവഴിക്കുന്നത്) രൂ.1550000<br>ആകെ 3100000 |
| ചെലവ് | 925000/-(വി.ഫ) |
| ബിൽ നം | ബിൽ നം.136 Dtd.22.12.2021 RS.625000/-<br>ബിൽ നം.187 Dtd.27.01.2022 RS.300000/- |
| നിർവ്വഹണ ഉദ്യോഗസ്ഥ | വെറ്ററിനറി സർജൻ |

ഗ്രാമപഞ്ചായത്ത് പ്രദേശത്തെ കന്നുക്കുട്ടികൾക്ക് 28 മാസക്കാലം 50% സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകുന്നതിനും കന്നുകുട്ടികളുടെ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പു വരുത്തുവാനും ആണ് പ്രോജക്ട് ലക്ഷ്യമിട്ടിരുന്നത് [സ.ഉ.(എം.എസ്)22/തസ്വഭവ തീയതി 14-02-2018 ഖണ്ഡിക 6.2 ക്രമ നമ്പർ 6] . പദ്ധതി നടത്തിപ്പിലേക്കായി Deputy Director SLBP TVM- ന്റെ അക്കൗണ്ടിലേക്ക് കൈമാറിയ 925000/-(A/C No.701011400000196) രൂപയുടെ വിനിയോഗ വിവരങ്ങളും പദ്ധതിയിൽ ചേർക്കപ്പെട്ട കന്നുകുട്ടികളുടെ എണ്ണവും നാളിതുവരെയുള്ള പദ്ധതി പ്രവർത്തന വിവരങ്ങളും ഓഡിറ്റ് എൻക്വയറി നമ്പർ 13/2021-22 തീയതി 24.12.2022 മുഖാന്തിരം ആവശ്യപ്പെട്ടിരുന്നതിന് 124 കന്നുക്കുട്ടികളെ ഈ പ്രോജക്റ്റിനായി തെരഞ്ഞെടുത്തിട്ടുള്ളതായും വിനിയോഗ വിവരങ്ങൾ Deputy Director SLBP യോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഫലപ്രാപ്തി രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചുറപ്പിക്കുന്നതിനായി പ്രോജക്റ്റ് നടത്തിപ്പിനായി കൈമാറിയ മുഴുവൻ തുകയുടെയും വിശദമായ വിനിയോഗ വിവരം/ബാക്കി തുകയുടെ ഒടുക്ക് വിവരം അടിയന്തിരമായി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-28 ക്ഷീരകർഷകർക്ക് റബ്ബർമാറ്റ്-പദ്ധതി നടത്തിപ്പിൽ അപാകതകൾ രൂ.93750/-തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം. | 55/2021-22 |
| പേര് | ക്ഷിരകർഷകർക്ക് റബ്ബർമാറ്റ് |
| അടങ്കൽ | വികസനഫണ്ട്( രൂ.150000)<br>ഗുണഭോക്തൃവിഹിതം(നേരിട്ട് ചെലവഴിക്കുന്നത്) രൂ.630000<br>ആകെ 1260000 |
| ചെലവ് | 93750 (വി.ഫ) |
| ബിൽ നം. | ബിൽ നം. 07/2021-22 Dtd 01.02.2022Rs. 62500/-<br>ബിൽ നം. 16/2021-22 Dtd 02.03.2022Rs. 31250/- |
| നിർവ്വഹണ ഉദ്യോഗസ്ഥ | വെറ്റിനറി സർജൻ |

സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും 2500/- രൂപ വിലയുള്ളതും 40-45 കി.ഗ്രാം ഭാരമുള്ളതുമായ റബ്ബർ മാറ്റുകൾ വാങ്ങി 50% സബ്സിഡി നിരക്കിൽ ക്ഷീരകർഷകർക്ക് നൽകുന്നതിനായാണ് പദ്ധതി രൂപീകരിച്ചിട്ടുള്ളത്. ഇതിലേക്കായി AGRO യിൽ നിന്നും 75 റബ്ബർമാറ്റുകൾ വാങ്ങിയതിനുള്ള ബില്ലുകളും വിതരണ വിവരത്തിന് അപൂർണ്ണമായ 18 അപേക്ഷകളും ഓഡിറ്റിന് ലഭ്യമായിട്ടുണ്ട്.

റബ്ബർ മാറ്റുകളുടെ Specification, Specimen Sample എന്നിവയും അവ ഏതൊക്കെ കർഷകർക്ക് എത്രയെണ്ണം വീതം വിതരണം ചെയ്തുവെന്നതിനുള്ള Stock/issue/കൈപ്പറ്റ് വിവര രജിസ്റ്ററും പദ്ധതി കർഷകർ പ്രയോജനപ്പെടുത്തിയെന്നതിനുള്ള തെളിവുകളും ഓഡിറ്റ് എൻക്വയറി നമ്പർ 13/2021-22 തീയതി 24.12.2022 മുഖാന്തിരം ആവശ്യപ്പെട്ടിരുന്നതിന് മറുപടിയായി വിതരണ-കൈപ്പറ്റ് വിവര രജിസ്റ്റർ ഹാജരാക്കിയതായി മറുപടിയിൽ പരാമർശിച്ചിരുന്നുവെങ്കിലും ആയത് ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല ( ടി വിവരം ഓഡിറ്റ് എൻക്വയറി നമ്പർ 37/2021-22 തീയതി 28.12.2022 മുഖാന്തിരം നിർവ്വഹണ ഉദ്യോഗസ്ഥയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്). കൂടാതെ പദ്ധതി കർഷകർ പ്രയോജനപ്പെടുത്തിയെന്നതിനുള്ള മോണിറ്ററിംഗ് റിപ്പോർട്ടോ തെളിവിനുള്ള വ്യക്തതയുള്ള ചിത്രങ്ങളോ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ചെലവിനങ്ങളെ സാധൂകരിക്കുന്ന വിതരണ വിവരങ്ങൾ അടക്കമുള്ള അവശ്യരേഖകളുടെ അഭാവത്തിൽ പദ്ധതിക്കായി ചെലവിട്ട രൂ.93750/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-29 പ്രീ പ്രൈമറി സ്കൂളുകൾക്ക് ഫർണിച്ചർ, വിതരണവിവരങ്ങൾ ഹാജരാക്കിയിട്ടില്ല- രൂ.500000/- തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് നം. | 27/2022 |
| പേര് | പ്രീ പ്രൈമറി സ്കൂളുകൾക്ക് ഫർണിച്ചർ |
| അടങ്കൽ | 500000/-(മെ.ഫ-റോഡിതരം) |
| ചെലവ് | രൂ.500000/- |
| ബിൽ നം. | 02/2021-22 തീയതി 25.03.2022 രൂ.500000/- |
| നിർവ്വഹണ ഉദ്യോഗസ്ഥ | HM ഗവ.യു.പി.എസ് പറണ്ടോട് |

ഗ്രാമ പഞ്ചായത്തിലെ വിവിധ പ്രീ പ്രൈമറി സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങി നൽകുക എന്നതാണ് പ്രോജക്റ്റ് ലക്ഷ്യം.ഇതിലേക്കായി ARTCO യിൽ നിന്നും 125 മേശയും കസേരയും വാങ്ങിയതിനുള്ള ബിൽ ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ഏതൊക്കെ സ്കൂളുകൾക്ക് എത്ര വീതം മേശയും കസേരയും വിതരണം ചെയ്തുവെന്നതിനും ആയവ കൈപ്പറ്റി എന്നതിനും ഉള്ള സ്റ്റോക്ക്-വിതരണ രജിസ്റ്റർ ലഭ്യമാക്കാത്തതിനാൽ മേൽ വിവരങ്ങൾ പരിശോധിക്കുന്നതിനും ഫർണിച്ചർ ഇനങ്ങളിൽ തിരിച്ചറിയൽ നംപർ പതിച്ചിരുന്നോയെന്നും പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ഓഡിറ്റ് എൻക്വയറി നമ്പർ 05/2021-22 തീയതി: 22.12.2022 മുഖാന്തിരം മേൽ വിശദാംശങ്ങൾ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയതിന് മറുപടിയോ ആവശ്യപ്പെട്ട രേഖകളോ ലഭ്യമാക്കിയിട്ടില്ല. ചെലവിനങ്ങളെ സാധൂകരിക്കുന്ന അവശ്യമായ രേഖകളുടെ അഭാവത്തിൽ പദ്ധതിക്കുവേണ്ടി ചെലവിട്ട രൂ.500000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-30 പട്ടികജാതി വിദ്യാർത്ഥികൾക്ക് സാമൂഹ്യപഠന കേന്ദ്രം -രേഖകൾ ഹാജരാക്കിയിട്ടില്ല - രൂ.238782/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് നം. | 89/2022 |

| | |
|---|---|
| പേര് | പട്ടികജാതി വിദ്യാർത്ഥികൾക്ക് സാമൂഹ്യപഠന കേന്ദ്രം |
| അടങ്കൽ | 725000/-(വി.ഫ- SCP) |
| ചെലവ് | രൂ.238782/- |
| ബിൽ നം. | 03/2021-22 തീയതി 27.03.2022 രൂ.238782/- |
| നിർവ്വഹണ ഉദ്യോഗസ്ഥ | HM ഗവ.യു.പി.എസ് പറണ്ടോട് |

പ്രോജക്റ്റ് ഫയൽ, ചെലവിന് ആധാരമായ രേഖകൾ/വൗച്ചറുകൾ ആവശ്യമായ രജിസ്റ്ററുകൾ എന്നിവ സഹിതം ഓഡിറ്റിൽ ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി നമ്പർ 05/2021-22തീയതി :22.12.2022 മുഖാന്തിരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയതിന് മറുപടിയോ ആവശ്യപ്പെട്ട രേഖകളോ ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ പദ്ധതിക്കുവേണ്ടി ചെലവിട്ട രൂ.238782/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-31 പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ - വിതരണ രജിസ്റ്റർ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് നം. | 26/2022 |
| പേര് | പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ |
| അടങ്കൽ | 400000/-(വി.ഫ- SCP) |
| ചെലവ് | രൂ.377954/- |
| ബിൽ നം. | 01/2021-22 തീയതി 25.03.2022 രൂ.377954/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | HM ഗവ.യു.പി.എസ് പറണ്ടോട് |

100 പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും വിതരണം ചെയ്യുന്നതിനാണ് മേൽ പ്രോജക്റ്റ് ലക്ഷ്യമിട്ടിരുന്നത്. പ്രോജക്റ്റ് രേഖകളായി ARTCO-യിൽ നിന്നും 100 മേശയും കസേരയും വാങ്ങിയതിനുള്ള ബില്ലും 81 വിദ്യാർത്ഥികളുടെ അപേക്ഷകളും അതോടൊന്നിച്ചുള്ള കൈപ്പറ്റ് ചീട്ടുകളും ലഭ്യമാക്കിയിട്ടുണ്ട്. പൂർണ്ണമായ അപേക്ഷകൾ,പ്രോജക്റ്റ് രൂപീകരണ ഫോം, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട്, ഫർണിച്ചറുകളുടെ സ്റ്റോക്ക്-വിതരണ വിവരം എന്നിവ ആവശ്യമായ രജിസ്റ്ററുകൾ സഹിതം ഓഡിറ്റിൽ ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി നമ്പർ 05/2021-22 തീയതി :22.12.2022 മുഖാന്തിരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയതിന് മറുപടിയോ ആവശ്യപ്പെട്ടവയിൽ അപേക്ഷകൾ ഒഴിച്ചുള്ള മറ്റ് രേഖകളോ ലഭ്യമാക്കിയിട്ടില്ല. പദ്ധതി നിർവ്വഹണത്തിന്റെ സുതാര്യതയ്ക്കായും വരും വർഷങ്ങളിൽ ഇതേ ആനുകൂല്യം ഇതേ വിദ്യാർത്ഥികൾക്ക് നൽകുന്നത് ഒഴിവാക്കുന്നതിനും ഗുണഭോക്താക്കളുടേയും ആധാർ സഹിതമുള്ള വിവരങ്ങൾ ഉൾപ്പെടുത്തിയ വിതരണ രജിസ്റ്റർ പരിപാലിക്കേണ്ടത് അനിവാര്യമാണ്. ചെലവ് വിവരങ്ങളുടെ പൂർണ്ണമായ പരിശോധനക്കായും പദ്ധതിയുടെ ഫലപ്രാപ്തി, രേഖകളുടെ അടിസ്ഥാനത്തിൽ, വിലയിരുത്തുന്നതിനായും ഗുണഭോക്താക്കളുടെ ആധാർ സഹിതമുള്ള വിവരങ്ങൾ ഉൾപ്പെടുത്തിയ വിതരണ രജിസ്റ്റർ, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് എന്നിവ ഓഡിറ്റിൽ ഹാജരാക്കി പരാമർശം തീർപ്പാക്കേണ്ടതാണ്.

## 1-32 വാടകനിർണ്ണയം, സുരക്ഷാ പരിശോധന എന്നിവയില്ലാതെ വാടക കെട്ടിടങ്ങളിൽ അംഗൻവാടികൾകൾ പ്രവർത്തിക്കുന്നു

| | |
|---|---|
| പ്രോജക്റ്റ് നം. | 13/2022 |
| പേര് | അംഗൻവാടികൾക്ക് വാടക |
| അടങ്കൽ | 60000വികസനഫണ്ട് (പൊ.വി) |
| ചെലവ് | രൂ.40500/ |

| | |
|---|---|
| ബിൽ നം. | ബിൽ നം. 13/2021-22 തീയതി 23.02.2022<br>രൂ.40500/- |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

പ്രോജക്ട് രേഖകളുടെ പരിശോധനയുമായി ബന്ധപ്പെട്ട് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടികളുടെ വിവരങ്ങൾ,അവയുടെ അടിസ്ഥാന സൗകര്യങ്ങളുടേയും ശിശു സൗഹൃദ സംവിധാനങ്ങളുടേയും ക്രമമായ ഇടവേളകളിലുള്ള പരിശോധനാ വിവരങ്ങൾ, റിപ്പോർട്ടുകൾ, വാടക നിർണ്ണയിച്ചതിനുള്ള രേഖകൾ എന്നിവ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ.15/2021-22 തീയതി :24.12.2022) ലഭ്യമാക്കിയ മറുപടി പ്രകാരം പഞ്ചായത്തിൽ 6 അംഗൻവാടികൾ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നതായും അവയുടെ വാടക നിശ്ചയിക്കുന്നതിനും ഫിറ്റനസ് സർട്ടിഫിക്കറ്റിനായും 30/09/2020 ന തന്നെ കത്ത് നൽകിയിരുന്നതായും എന്നാൽ തുടർ നടപടികൾ എൻനീയറിംഗ് വിഭാഗത്തിൽ നിന്നും ഉണ്ടായിട്ടില്ലെന്നും അറിയിച്ചിരിക്കുന്നു.കെട്ടിട ഉടമകൾക്ക് അർഹതപ്പെട്ട വാടക തന്നെയാണ് നൽകുന്നതെന്നുറപ്പാക്കുന്നതിനും കുട്ടികൾ സുരക്ഷിതവും ശിശു സൗഹൃദവും ആയ അന്തരീക്ഷത്തിൽ തന്നെയാണ് അംഗൻവാടികളികളിൽ കഴിയുന്നതെന്നുറപ്പാക്കുന്നതിനുമായി ആവശ്യമായ പരിശോധനകൾക്ക് ശേഷം മേൽ പരാമർശിച്ച സാക്ഷ്യപത്രങ്ങൾ അടിയന്തിരമായി നൽകുന്നതിനും ക്രമമായ ഇടവേളകളിൽ തുടർ പരിശോധനകൾ നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-33 സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ-തുക തടസ്സം ചെയ്യുന്നു-5058976/-

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ, പേര് | അടങ്കൽ, ചെലവ് | ബിൽനം./തീയതി | ഫണ്ട് | അപാകത |
|---|---|---|---|---|---|
| 1. | 1/22 എസ്.എസ്.എ വിഹിതം നല്കൽ | 600000/-<br>600000/- | 11/13.08.21 | വികസന ഫണ്ട് പൊതുവിഭാഗം | കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം ഇല്ല. |
| 2. | 181/22 പ്രസിഡന്റ്,സെക്രട്ടറി എന്നിവർക്ക് ലാപ്ടോപ്പ് വാങ്ങൽ | 120000/-<br>119200/- | 14/08.03.22 | Plan | ലാപ്ടോപ്പ് ലഭിച്ചതി ന്റെയും സ്റ്റോക്കി ലെടുത്ത തിന്റെയും വിശദാംശം ലഭ്യമല്ല. |
| 3. | 21/22 ജില്ലാ ആസൂത്രണ സമിതി വിഹിതം നല്കൽ | 100000/-<br>100000/- | 6/9.6.21 | Plan | കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം ഇല്ല. |
| 4. | 112/22 പാറമുക്ക് അംഗൻവാടിക്ക് സ്ഥലം വാങ്ങൽ | 3,00000/-<br>2,40,000/- | 14/13.08.21 | Plan | ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| 5. | 4/22 ഐ.കെ.എമ്മിന് വിഹിതം | 113068/-<br>113068/- | 12/13.8.21 | Plan | കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം ഇല്ല. |
| 6. | 17/22 പഞ്ചായത്ത് ഓഫീസിന് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ | 4,50,000/-<br>119391/- | 8/29.6.21 | Plan | കമ്പ്യൂട്ടർ ലഭിച്ച തിന്റെയും സ്റ്റോക്കി ലെടു ത്തതിന്റെയും വിശദാംശം ലഭ്യമല്ല. |
| 7. | 164/22 എൽ.എസ്.ജി ഡി.ഓഫീസ് നവീകരണം. | 300000/-<br>299995/- | 20/31.03.22 | മെയിന്റനൻസ് ഫണ്ട് റോഡിതരം | കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം ഇല്ല. |
| 8. | 148/22 വാർഡ് കേന്ദ്രങ്ങളിൽ കമ്പ്യൂട്ടർ | 7,74,000/-<br>4,77,564/- | 18/23.03.22 | മെയിന്റനൻസ് ഫണ്ട് റോഡിതരം | നാളിതുവരെ കമ്പ്യൂട്ടർലഭിച്ചിട്ടില്ല. കൈപ്പറ്റ് രസീത്, വിനിയോഗ |

| | | | | | |
|---|---|---|---|---|---|
| | | | | | സാക്ഷ്യപത്രം ഇല്ല. |
| 9. | 166/22 സ്ട്രീറ്റ് ലൈറ്റ് ദീർഘീകരണം | 898200/- 811158/- | PFMS | CFC | KSEB യുടെ എസ്റ്റിമേറ്റ് ഇല്ലാതെ തുക കൈമാറി. വിനിയോഗ സാക്ഷ്യപത്രം ഇല്ല. |
| 10. | 143/22,സി.എച്ച്.സിക്ക് വസ്തുവാങ്ങൽ-ബ്ലോക്കിന് വിഹിതം നല്കൽ | 20,00,000/- 20,00,000/- | PFMS | CFC | വെള്ളനാട് ബ്ലോക്ക് സെക്രട്ടറിയുടെ കൈപ്പറ്റ്, വിനിയോഗ സാക്ഷ്യപത്രം ഇല്ല |
| 11. | 96/22 ഘടക സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ വാങ്ങൽ | 5,75,000/- 1,78,600/- | 15/9.3.22 | NR | കമ്പ്യൂട്ടർ ലഭിച്ചതിന്റെയും സ്റ്റോക്കിലെടുത്തതിന്റെയും വിശദാംശം ലഭ്യമല്ല. |
| | | 5058976/- | | | |

2021-22 കാലയളവിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രോജക്ടുകൾ അവയിൽ സൂചിപ്പിച്ചിട്ടുള്ള അപാകതകൾ കാരണം തടസ്സപ്പെടുത്തുന്നു. അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-34 2018-19 ൽ ആരംഭിച്ച SPMRM പ്രോജക്ടുകൾ (Rurban Mission) 2022-23 വർഷത്തിലും പൂർത്തീകരിക്കാതെ നിഷ്ക്രിയ ആസ്തികളായി തുടരുന്ന റർബൻ മിഷൻ ഫണ്ട് വരവ് ചെലവ് കണക്കുകൾ വാർഷികധനകാര്യപത്രികയിൽ ഉൾപ്പെടുത്തി ഓഡിറ്റിന് വിധേയമാക്കിയിട്ടില്ല

ഗ്രാമപ്രദേശങ്ങളുടെ സാമൂഹിക സാമ്പത്തിക സുസ്ഥിര വികസനം ലക്ഷ്യമിട്ട് കേന്ദ്ര സർക്കാർ രാജ്യവ്യാപകമായി 2016-17 ൽ ആരംഭിച്ച 'ശ്യാമപ്രസാദ് മുഖർജി റർബൻ മിഷൻ' (SPMRM) എന്ന പദ്ധതി പ്രകാരം, കേരളത്തിൽ നിന്ന് പദ്ധതി നിർവഹണത്തിനായി തെരഞ്ഞെടുത്ത നാല് ജില്ലകളിൽ ഒന്നാണ് തിരുവനന്തപുരം ജില്ല. ഈ ജില്ലയിലെ വെള്ളനാട്, ആര്യനാട് ഗ്രാമപഞ്ചായത്തുകൾ ചേർന്ന ക്ലസ്റ്ററിന് 2016-17 ൽ ആരംഭിച്ച് 2018-19 ൽ പൂർത്തിയാകുന്ന രീതിയിൽ വിവിധ പദ്ധതികൾക്കായി ആകെ 164.37 കോടി രൂപയുടെ പദ്ധതികൾക്കാണ് SPMRM അംഗീകാരം നൽകിയത്. ടി പദ്ധതിയുടെ Detailed Project Report പ്രകാരം ആര്യനാട് ഗ്രാമ പഞ്ചായത്തിലെ 168 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. എന്നാൽ എത്ര പ്രോജക്ടുകൾ ആരംഭിച്ചു, എത്ര പ്രോജക്ട് പൂർത്തീകരിച്ചു, എല്ലാ പ്രോജക്ടുകൾക്കുമായി നാളിതുവരെ ചെലവിട്ട തുക എന്നീ വിവരങ്ങൾ 28.12.22 ലെ 38 -ാം നമ്പർ ഓഡിറ്റ് അന്വേഷണ പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും സെക്രട്ടറി മറുപടി ഹാജരാക്കിയിട്ടില്ല.

Rurban Mission പദ്ധതികൾ ഗ്രാമപഞ്ചായത്തിൽ ആരംഭിച്ചത് 2018-19 ലാണ് എന്ന് കാണുന്നു. ഓഡിറ്റ് വർഷത്തിൽ (2021-22) ഈ ഫണ്ടിൽ നിന്നും തുക ചെലവിട്ടതായി കാണുന്നില്ല. 2020-21 വർഷം വരെ ഈ ഫണ്ടിൽ നിന്നുള്ള ചെലവുകൾ ഗ്രാമപഞ്ചായത്തിന് ലഭിച്ച Rurban Mission Allotment - ൽ നിന്ന് നേരിട്ട് നടത്തി വന്നിരുന്നുവെങ്കിലും 2021-22 മുതൽ ടി ഫണ്ടിൽ നിന്നുള്ള ചെലവുകൾ ബ്ലോക്ക് പഞ്ചായത്ത് മുഖേനയാണ് നടത്തുന്നത്. 2018-19 മുതൽ നാളിതുവരെയുള്ള വരവ് ചെലവ് കണക്കുകൾ പഞ്ചായത്തിന്റെ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിക്കാണുന്നില്ല.

ഓഡിറ്റിന് ലഭ്യമാക്കിയ Detailed Project Report, ഫയലുകൾ എന്നിവയുടെ പരിശോധനയിലും സ്ഥലപരിശോധനയിലും Rurban Mission പ്രകാരം ആരംഭിച്ച പല പദ്ധതികളും കോടികൾ ചെലവിട്ട ശേഷവും പൂർത്തീകരിക്കാതെ നിഷ്ക്രിയ ആസ്തികളായി തുടരുന്നതായി കാണുന്നു. അത്തരം പദ്ധതികൾ സംബന്ധിച്ച് ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(1) തേവിയാരുകുന്ന് വാട്ടർ സപ്ലൈ പ്രോജക്ട്

DPR പ്രകാരം 3.5 കോടി രൂപ എസ്റ്റിമേറ്റ് ഉള്ള ടി പ്രോജക്ട് 01.03.2019 -ലെ കമ്മറ്റി തീരുമാനപ്രകാരം പഞ്ചായത്ത് WAPCOS എന്ന അക്രഡിറ്റഡ് ഏജൻസിയെ പണി ഏൽപ്പിക്കുകയും 2019-20, 2020-21 വർഷങ്ങളിലായി ആകെ 1,22,99,500/- രൂപ ചെലവിട്ടശേഷവും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുകയോ ജലവിതരണം ആരംഭിക്കുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് പദ്ധതി

പുനരാരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു എന്നാണ് സെക്രട്ടറി അറിയിച്ചത്.

(2) കൺവർജൻസ് സെന്റർ

DPR പ്രകാരം 3.2 കോടി രൂപ അടങ്കലിൽ 2018-19 ൽ ആരംഭിച്ച ടി പ്രോജക്ട് പ്രകാരം നാല് നിലകൾ ഉള്ള കെട്ടിടത്തിൽ പകൽവീട്, കോൺഫറൻസ് ഹാൾ, ഫിസിയോതെറാപ്പി സെന്റർ, Buds School, ജനസേവാ കേന്ദ്രം, ലൈബ്രറി എന്നിങ്ങനെ വിവിധ സൗകര്യങ്ങൾ ആണ് വിഭാവന ചെയ്തിരുന്നത്. എന്നാൽ നാളിതുവരെ പണി പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചിട്ടില്ല.



(3) എപിജെ അബ്ദുൾകലാം മിനി സ്റ്റേഡിയം

DPR പ്രകാരം 1 കോടി രൂപ അടങ്കലിൽ നിശ്ചയിച്ചിരുന്ന ടി പദ്ധതിയുടെ നിർമ്മാണോദ്ഘാടനം 04.11.2020 ൽ നടന്നുവെങ്കിലും നാളിതുവരെ പൂർത്തിയായിട്ടില്ല.

ഇതു സംബന്ധിച്ച് 27.12.2022 ന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്, നിർവഹണ ഏജൻസിയായ WAPCOS ന് നാളിതുവരെ 65,00,000/- രൂപ നൽകിയതായും, മുടങ്ങിയ ജോലികൾ 2022 ഡിസംബർ 31 ന് മുമ്പ് പുനരാരംഭിക്കുമെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഏത് സാഹചര്യത്തിൽ ആണ് പണി മുടങ്ങിയതെന്നോ, കരാർ പ്രകാരം പണി പൂർത്തിയാക്കേണ്ട തീയതി എന്നീ വിവരങ്ങളും ഇതു സംബന്ധിച്ച ഫയലുകളും ലഭ്യമാക്കിയിട്ടില്ല.



(4) പറണ്ടോട് സബ് സെന്റർ

50 ലക്ഷം രൂപ എസ്റ്റിമേറ്റിൽ WAPCOS ന് നിർമ്മാണ ചുമതല നൽകിയ ടി പ്രോജക്റ്റ് പ്രകാരം 2020-21 വരെ 30 ലക്ഷം രൂപ നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ പണി പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് പ്രവൃത്തി അടിയന്തിരമായി പൂർത്തിയാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് WAPCOS ന് കത്ത് നൽകിയിട്ടുണ്ട് എന്ന് മാത്രമാണ് മറുപടി നൽകിയിട്ടുള്ളത്.

(5) വലിയകുളങ്ങര സ്റ്റേഡിയം

ടി പദ്ധതിക്കായി 25 ലക്ഷം രൂപയാണ് DPR പ്രകാരം അടങ്കൽ. എന്നാൽ ടി പദ്ധതിക്കായി എത്ര രൂപ ചെലവിട്ടു എന്നോ, പദ്ധതിയുടെ പുരോഗതി സംബന്ധിച്ചോ യാതൊരു വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല.

(6) ഗിരിനഗർ ഗ്രാമകേന്ദ്രം

1 കോടി രൂപ അടങ്കലിൽ വിവിധ ഗ്രാമകേന്ദ്രങ്ങളുടെ നിർമ്മാണത്തിന് തുക വകയിരിത്തിയിരുന്നു. ഇതു പ്രകാരം ഗിരിനഗർ ഗ്രാമകേന്ദ്രം കെട്ടിട നിർമ്മാണം പൂർത്തിയായെങ്കിലും നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുമില്ല.



ഇപ്രകാരം Rurban Mission പദ്ധതി പ്രകാരം മലയോര ഗ്രാമപഞ്ചായത്തുകളായ ആര്യനാട്, വെള്ളനാട് പഞ്ചായത്തുകളുടെ സുസ്ഥിര വികസനവും, സാമൂഹിക പുരോഗതിയും ലക്ഷ്യമിട്ട് ആരംഭിച്ച പദ്ധതികൾ വർഷങ്ങൾ പിന്നിട്ട്, കോടികൾ ചെലവിട്ട ശേഷവും പണി പൂർത്തിയാക്കാതെ നിഷ്ക്രിയ ആസ്തികളായോ, പാഴ്ച്ചെലവുകളായോ തുടരുന്നത് ഭരണ വകുപ്പിന്റെ അടിയന്തര ശ്രദ്ധ ആവശ്യമായ ഒന്നാണ്. ലഭിച്ച തുകയെ അടിസ്ഥാനമാക്കിയും ടെണ്ടർ സേവിംഗ്സിലൂടെ ലഭിച്ച തുകയും പ്രയോജനപ്പെടുത്തി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. പദ്ധതികൾ വിവിധ ഘട്ടങ്ങളിലാണ്. പൂർത്തീകരിച്ചെങ്കിലും പ്രവർത്തനക്ഷമമല്ലാത്ത പദ്ധതികൾ നിരവധി ആണ്. പദ്ധതികളുടെ ഫയലുകളും അനുബന്ധരേഖകളും ലഭ്യമല്ലാത്തതിനാൽ പദ്ധതികളുടെ ഓഡിറ്റ് നടത്തുവാൻ കഴിഞ്ഞിട്ടില്ല.03.12.22 ൽ ഇതിനുവേണ്ടിയുള്ള കാനറാബാങ്ക് അക്കൗണ്ട് ക്ളോസ്സ് ചെയ്തിട്ടുണ്ട്പദ്ധതികൾ മുടങ്ങുന്നതിന്റെ യഥാർത്ഥ കാരണം അന്വേഷിക്കേണ്ടതും, മുടങ്ങിയ പദ്ധതികൾ പുനരാരംഭിക്കാൻ കൂടുതൽ സാങ്കേതികവും ഭരണപരവുമായ സഹായങ്ങൾ പഞ്ചായത്തിന് ആവശ്യമെങ്കിൽ അക്കാര്യം ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതുമാണ്. കരാർ പ്രകാരം പദ്ധതികൾ പൂർത്തിയാക്കുന്നതിൽ അക്രഡിറ്റഡ് ഏജൻസികൾ ഗുരുതരമായ വീഴ്ച വരുത്തുന്നതായി കാണുന്നുവെങ്കിൽ അക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തേണ് .ഈ പദ്ധതികളുടെ നടത്തിപ്പ് വേഗത ഉയർത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് ഓഡിറ്റ് വിഭാഗത്തിനെ വിവരം അറിയിക്കേണ്ടതാണ്. അതോടൊപ്പം 2018-19 മുതൽ നാളിതുവരെയുള്ള വരവ് ചെലവ് കണക്കുകൾ പ്രത്യേകം തയ്യാറാക്കി ഓഡിറ്റിന് വിധേയമാക്കേണ്ടതാണ്. അതോടൊപ്പം 2018-19 മുതൽ നാളിതുവരെ ടി ഫണ്ടിലെ വരവ് ചെലവ് കണക്കുകൾ പ്രത്യേകം തയ്യാറാക്കി ഓഡിറ്റിന് വിധേയമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പാലിയേറ്റീവ് കെയർ-15300/- രൂപ നിരാകരിക്കുന്നു.

പ്രോജക്ട് നം -47/22( പാലിയേറ്റീവ് കെയർ)

ഫണ്ടിനം -വികസന ഫണ്ട്.

അടങ്കൽ -1300000/-

ചെലവ് -1075415/

ബിൽ നം,തിയതി -22/27.1.22 Rs-1,16,850/

നിർവഹണ ഉദ്യേഗസ്ഥൻ- മെഡിക്കൽ ഓഫീസർ.

പാലിയോറ്റീവ് കെയർ പ്രോജക്ടിനായി ചെലവ് ചെയ്ത തുകയിൽ ബിൽ നം 22/27.1.22.ലെ 1,16,850/-രൂപയുടെ ചെലവ് തുകയിൽ 1,11,550/- രൂപയുടെ ചെലവ് രേഖകൾ മാത്രമേ ഉൾപ്പെട്ടിട്ടുള്ളൂ. ബാക്കി വന്ന 15300/- രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം 9 /23.12.22 ലൂടെ ചെലവ് രേഖകൾ ആവശ്യപ്പെട്ടെങ്കിലും ലഭിച്ച മറുപടിയിൽ ചെലവ് രേഖകൾ ഇല്ലായെന്നും തുക തിരികെ ബന്ധപ്പെട്ട അക്കൗണ്ടിൽ അടച്ച് വിവരം അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ 15300/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക തിരികെ ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കുവരുത്തി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

### 3-2 തനത് ഫണ്ടിൽ നിന്നും ആദായ നികുതി അടച്ചത്-48,853/രൂപ നിരാകരിക്കുന്നു.

റർബൻ മിഷൻ ഫണ്ടിലുൾപ്പെടുത്തി 2018-19 ൽ ചെയ്ത ആര്യനാട് മാർക്കറ്റ് റെനോവേഷൻ എന്ന പ്രോജക്ടിന്റെ ഫൈനൽ ബിൽ തുകയിൽ നിന്നും 48,853/-രൂപ ആദായ നികുതി ഇനത്തിൽ കുറവ് ചെയ്ത് ആദായ നികുതി വകുപ്പിൽ അടച്ചിട്ടില്ല എന്ന് പ്രസ്തുത വർക്കിന്റെ കോൺട്രാക്ടർ ശ്രീ.ഗോപി 08.03.22 ന് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. തുടർന്ന് 19.03.2022 ന് 48,853/- രൂപ തനതുഫണ്ടിൽ നിന്ന് ആദായനികുതി വകുപ്പിൽ അടവാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത തുക റർബൻ മിഷൻ ഫണ്ടിൽ നിന്നും തനത് ഫണ്ടിൽ അടവാക്കിയിരുന്ന താണോയെന്ന് ഉറപ്പ് വരുത്തുന്നതിനുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നല്കിയ എൻക്വയറി (നം.16) ക്ക് മറുപടി ലഭിച്ചിട്ടില്ല. റർബൻ മിഷൻ ഫണ്ടിൽ നിന്നുള്ള ചെലവ് ആയതിനാൽ ആദായ നികുതി റർബൻമിഷൻ ഫണ്ടിൽ നിന്നും കുറവ് ചെയ്തതാണോ എന്ന് ഉറപ്പുവരുത്താതെ തനത് ഫണ്ടിൽ നിന്നും ചെലവ് ചെയ്തത് അംഗീകരിക്കാനാവില്ല. കൂടാതെ റർബൻ മിഷൻ ഫണ്ട് നിലവിൽ ക്ളോസ് ചെയ്ത് ബാലൻസ് തിരികെ അടച്ചിട്ടുള്ളതുമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ തനത് ഫണ്ടിൽ നിന്നും ആദായ നികുതി വകുപ്പിലേയ്ക്ക് അടച്ച 48,853/-രൂപയുടെ (വൗച്ചർ നം 22101011, (ചെക്ക്നം 713801/19.3.22) ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ടിന്റെ വിശദാംശം

സുലേഖ പത്രിക പ്രകാരമുള്ള വിവരങ്ങൾ

| വിഹിതം നൽകിയ സ്ഥാപനം | പദ്ധതി നമ്പർ/ പേര് | ചെലവ് |
|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 28, മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 313500 |
| | 30, ലൈഫ് മിഷൻ | 2050000 |
| | 6, ക്ഷീര സമൃദ്ധി | 500000 |
| | ആകെ | 2863500 |

| | | |
|---|---|---|
| ജില്ലാ പഞ്ചായത്ത് | 28, മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 313500 |
| | 33, ലൈഫ് മിഷൻ പട്ടിക ജാതി | 700000 |
| | 30, ലൈഫ് മിഷൻ 2021-22 | 10400000 |
| | 6, ക്ഷീര സമൃദ്ധി | 275000 |
| | ആകെ | 2328500 |

ധനകാര്യപത്രിക പ്രകാരമുള്ള വിവരങ്ങൾ

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 1127757 | 28633500 | 3991257 | 2863500 | 1127757 |
| ജില്ലാ പഞ്ചായത്ത് | 1497636 | 2328500 | 3826136 | 2328500 | 1497636 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പദ്ധതിയുടെ നമ്പർ, പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | 166, സ്ട്രീറ്റ്ലൈൻ എക്സ്റ്റൻഷൻ | 811158 | (AFS ൽ ഉൾപ്പെട്ടിട്ടില്ല) | 811158 |
| കേരള വാട്ടർ അതോറിറ്റി | 158, പൈപ്പ്ലൈൻ എക്സ്റ്റൻഷൻ | 3560000 | - | 3560000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | ജി.ഒ.(എം.എസ്)68/18 തീയതി 15.05.2018 | 61224012 | 7920000 | 53304012 |

## 4-5 സ്ഥിരനിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ്

പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 26283240 |
| ഓഡിറ്റ് വർഷത്തെ വരവ് | 102494269 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 102242724 |
| നീക്കിയിരിപ്പ് | 26534785 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 64,153 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 61,18,537 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 15,300 | ഡോ.രാധിക, മെഡിക്കൽ ഓഫീസർ |
| 3-2 | 48,853 | ശ്രീമതി മേബിൾ ഷീല |
| ആകെ | 64,153 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 18,000 | ശ്രീമതി. ലോല, അസിസ്റ്റന്റ് എഞ്ചിനിയർ |
| 1-25 | 18,000 | ശ്രീ.ദിലീപ് കുമാർ ,കൃഷി ഓഫീസർ |
| 1-26 | 1,91,029 | ശ്രീ.ദിലീപ് കുമാർ, കൃഷി ഓഫീസർ |
| 1-28 | 93,750 | ശ്രീമതി.സോഫിയ. എൽ, വെറ്റിനറി സർജൻ |
| 1-29 | 5,00,000 | ശ്രീമതി.ശ്രീലത, ഹെഡ്മിസ്ട്രസ് |
| 1-30 | 2,38,782 | ശ്രീമതി.ശ്രീലത, ഹെഡ് മിസ്ട്രസ് |
| 1-33 | 50,58,976 | ശ്രീമതി മേബിൾ ഷീല, സെക്രട്ടറി |
| | 61,18,537 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപേരും | സ്ഥിരം മേൽവിലാസം |
|---|---|
| ശ്രീമതി.മേബിൾ ഷീല (സെക്രട്ടറി) | നീറ്റാണി, NN65, നീതി നഗർ, പേരൂർക്കട |
| ശ്രീ.ദിലീപ് കുമാർ. (കൃഷി ഓഫീസർ) | കൈലാസം, കാരോട്ടുകോണം, മലയിൻകീഴ് പി ഒ |
| ശ്രീമതി.സോഫിയ.എൽ. (വെ.സർജൻ) | T.C48/200(1), കൂടാരത്തിൽ, ആറാംമട പി ഒ തിരുവനന്തപുരം-32 |
| ശ്രീമതി. ശ്രീലത ഹെഡ്മിസ്ട്രസ് | പ്രതീക്ഷ, പൂര- 28, വട്ടിയൂർകാവ് |
| ശ്രീമതി. ലോല അസി. എഞ്ചിനീയർ | ബാങ്ക് റോഡ്, ആനയറ പി ഒ തിരുവനന്തപുരം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2008-09 | കെ.എസ്.എ.റ്റി.വി.എം/ജി.പി.6 /526/2022 തീയതി. 22.10.2022 | 3-6 (ബി മുതൽ ജി വരെ) |
| 2011-12 | കെ.എസ്.എ.റ്റി.വി.എം/ജി.പി.6 /526/2022 തീയതി. 22.10.2022 | 3-7 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ജി.പി.6 /526/2022 തീയതി. 22.10.2022 | 11 എണ്ണം (2.1, 2.2, 3.1, 3.2, 3.3, 3.4, 3.5, 3.6, 3.7, 3.8, 3.9) |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ജി.പി.6 /526/2022 തീയതി. 22.10.2022 | 2എണ്ണം (2.1, 3.6) |
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ജി.പി.6 /526/2022 തീയതി. 22.10.2022 | 4എണ്ണം (3.1, 3.3, 3.9, 3.12) |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ജി.പി.5 /1177/2018 തീയതി. 09.12.2018 | 17 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജി.പി.5 /2030/2018തീയതി. 19.10.17 | 2 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ജി.പി.5 /2007/2018 തീയതി. 01.05.2018 | 28 |

| | | |
|---|---|---|
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജി.പി.5 /1862/2019 തീയതി. 25.06.2020 | 34 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം/ജി.പി.5 /1862/2019 തീയതി. 25.06.2020 | 30 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം/ജി.പി.1 /1152/2021 തീയതി. 09.09.2021 | 25 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

ബിറ്റി

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ ആര്യനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ ആര്യനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്